KOTTAYAM PUBLIC LIBRARY

Call No. M.08

Acc. No. 12768

Author ബാലകൃഷ്ണൻ. എസ്. കെ

Title മിസ്സിസ് ബക്കാനുന്നിത്തായി വ്യ.

1524

12768

# മിസ്സിസ് സരോജിനി നായഡു.

(സുപ്രസിദ്ധ ഭാരതീയ കവയിത്രി)

ഗ്രന്ഥകർത്താ :-

എസ്. കെ. ബാലകൃഷ്ണൻ.

With a forword by

**Sri: A. K. PILLAI, Bar-at-Law.**

"വലിയോർചരിതം സ്വജീവിതത്തെ
വലുതാക്കാമിതി നമ്മൊടോതിടുന്നു"

—ലോങ്ങ്ഫെലോ.

Third Edition Copies—1000

പ്രകാശകന്മാർ :-

കെ. ആർ. ബ്രദേർസ്,

കോഴിക്കോട്.

**1952.**

*(All Right Reserved.)*

വില. 0—12—0

NATIONAL BOOK STALL
SPCS LTD.
BR. KOTTAYAM

K. R. Brothers Printing Works, Calicut.

*Approved by the Madras Text Book Committee as suitable far Class as use – Non-detailed Studies — for form III (Vide Page 141 Part 1 B of Fort St. George Gazette Dated 23—5—50.)*

# മുഖവുര.

ആധുനികഭാരതത്തിന്റെ അഭിമാനസ്തംഭങ്ങളായി പരിലസിക്കുന്ന അനേകം മഹതീമഹാന്മാരിൽ അദ്വിതീയമായ സ്ഥാനത്തെ അലങ്കരിക്കുന്ന വനിതാരത്നമാണ് മിസ്സിസ് സരോജിനിനായഡു. കുറെക്കാലം ആംഗ്ലേയ സാഹിത്യഭണ്ഡാഗാരത്തിലെ മുതലെടുപ്പു വർദ്ധിപ്പിക്കുകയും, പിന്നീടു സ്വദേശാഭിമാനികളും ആത്മാഭിമാനികളുമായ രാഷ്ട്രീയനേതാക്കന്മാരോടൊപ്പം രാഷ്ട്രീയരംഗപ്രവേശം ചെയ്കയും, ധീരധീരം സ്വാതന്ത്ര്യസമരം നടത്തുകരും അതിന്നുശേഷം അന്നുമുതൽ ഇന്നുവരെ, പലവിധ അവശതകളിൽ ആണ്ടുകിടക്കുന്ന നമ്മുടെ രാഷ്ട്രത്തിന്റെ സമുദ്ധരണത്തിന്നുവേണ്ടി ബദ്ധകങ്കണയായി പരിശ്രമിക്കുകയും ചെയ്തുവരുന്ന ശ്രീമതി സരോജിനിനായഡുവെപ്പററി ധാരാളം കേട്ടറിവാൻ നമുക്കു സംഗതിയുണ്ടെങ്കിലും, അവരുടെ ജീവിതചരിത്രം സംക്ഷിപ്തമായിട്ടെങ്കിലും മലയാളഭാഷയിൽ ഉണ്ടായിട്ടില്ലെന്നുള്ളതു് എത്രയും ശോചനീയം തന്നെ. ഈ ന്യൂനതയെ പരിഹരിക്കേണമെന്നുദ്ദേശിച്ചു ത്സാഹിച്ചതിന്റെ ഫലമാണ് ഈ ലഘുകൃതി. സ്വാതന്ത്ര്യഭാസ്കരന്റെ കിരണകന്ദളങ്ങൾ അടിമത്തത്തിലും അന്ധതയിലും ആണ്ടുകിടന്നു മരവിച്ചുപോയ "യഥാസ്ഥിതികശിരോമണികളു"ടെ ഹൃദയകവാടങ്ങളെ ഭേദിച്ചു, അവക്കു പ്രകാശത്തെ പ്രദാനം ചെയ്കയും, അവ രാഷ്ട്രീയ പുരോഗതിക്കു വല്ലവിധത്തിലും സഹായകരമായിത്തീരുകയും ചെയ്വാൻ ഈ പുസ്തകം ഒരു പ്രേരകമായി ഭവിച്ചെങ്കിൽ ഞാൻ കൃതാൎത്ഥനായി.

ഈ ഗ്രന്ഥം സശ്രദ്ധം വായിച്ചുനോക്കി, സാരതരമായ ഒരവതാരികയെഴുതിത്തന്ന സുപ്രസിദ്ധസാഹിത്യകാരനും, ഒരു തികഞ്ഞ കോൺഗ്രസ്സ് പ്രവൎത്തകനുമായ ബാരിസ്റ്റർ എ. കെ. പിള്ള അവർകളോടും, ഈ കാൎയ്യത്തിൽ എന്നെ ഉള്ളഴിഞ്ഞു സഹായിച്ച എൻെറ ഒരു ഉത്തമമിത്രവും, സാഹിത്യപ്രണയിയുമായ ശ്രീമാൻ കെ. കെ. ചാത്തുക്കുട്ടിയോടും, എനിക്കുള്ള ഹൃദയംഗമമായ കൃതജ്ഞതയേ ഇവിടെ പ്രകാശിപ്പിച്ചുകൊള്ളട്ടെ! ഭാഷാഭിമാനികളും, രാജ്യാഭിമാനികളുമായ മഹജ്ജനങ്ങളുടെ സഹായസഹരണങ്ങളെ പ്രതീക്ഷിച്ചുകൊണ്ടു്, ഈ ലഘുപഹാരത്തെ സഹൃദയസമക്ഷം സമൎപ്പിച്ചുകൊള്ളുന്നു.

"സരോജാലയം"
തലശ്ശേരി,
2--6—35.

എസ്. കെ. ബി.

# അവതാരിക.

ശ്രീമതി സരോജിനിനായഡു രാഷ്ട്രീയരംഗത്തിൽ പ്രവേശിച്ചതു ഇരുപത്തഞ്ചുകൊല്ലം മുമ്പായിരുന്നു. അക്കാലത്തു ഭാരതീയവനിതകൾ അത്രതന്നെ പൊതുജീവിതത്തിൽ പ്രവേശിച്ചിട്ടുണ്ടായിരുന്നില്ല. എന്നാൽ ഇന്നത്തെ സ്ഥിതി അതിൽനിന്നും എത്രയോ വ്യത്യാസപ്പെട്ടതാണ്. പല കാര്യങ്ങളിലും സരോജിനിനായഡു ഒരു മാർഗ്ഗദർശ്ശിനിയായിരുന്നു. അന്തർഗ്ഗൃഹം വിട്ടു കുലീനസ്ത്രീകൾ പുറമെ ഇറങ്ങുന്ന സമ്പ്രദായം തുലോം കുറവായിരുന്ന ഒരു കാലത്തായിരുന്നു ഈ ധീരവനിത ഉപരിവിദ്യാഭ്യാസത്തിന്നായി യൂറോപ്പിലേക്കു പോയതു്. ഇതിലെല്ലാം ഉൽകൃഷ്ടമായ ഒരു പ്രേരകശക്തിയായി ഈ ദേവിയുടെ പിതാവു സസ്നേഹം പിന്നിലുണ്ടായിരുന്നുവെന്നുള്ളതു അവരുടെ ഒരു വലിയ ഭാഗ്യമായിരുന്നു. അഘോരനാഥ ചതോപാദ്ധ്യായ ഒരു സംസ്കൃതചിത്തനും, തന്റെ കാലത്തിൽ കവിഞ്ഞ ഒരു പരിഷ്കൃതാത്മാവും ആയിരുന്നു. ആ ബങ്കാള ബ്രാഹ്മണൻ തന്റെ മകളെ ദക്ഷിണേന്ത്യനും, അബ്രാഹ്മണനുമായ ഡാക്ടർ നായഡുവിന്നു വിവാഹം ചെയ്തുകൊടുത്തു. ഈ വിവാഹതീരുമാനം ഉത്ഭവിച്ചതു് സരോജിനിദേവിയിൽനിന്നും ആയിരുന്നു.

സുമാർ ഇരുപത്തഞ്ചുകൊല്ലമായി അചഞ്ചലമായ ഭക്തിവിശ്വാസങ്ങളോടുകൂടി ഈ മഹതി കോൺഗ്രസ്സിൻ കീഴിൽ നിന്നുകൊണ്ടു ഇന്ത്യൻജനതയെ സേവിച്ചുവരുന്നു. സമർത്ഥമായ കർമ്മവൈഭവത്തോടെ അവർ ഗംഭീരമാ

രായ മഹാരഥന്മാരോടൊപ്പം സ്വാതന്ത്ര്യസമരത്തിൽ തേർതെളിച്ചിട്ടുണ്ട്. ഇന്നും ആ നായിക സമരത്തിന്റെ മുന്നണിയിൽത്തന്നെ കാണപ്പെടുന്നു. അവരുടെ ഉല്പതിഷ്ണുത്വം എന്നും തുല്യപ്രഭയോടുകൂടി പ്രകാശിക്കുന്നു എന്നുള്ളതു സരോജിനിനായഡുവിനെക്കുറിച്ചു പറവാനുള്ള വിശേഷവിധിയായ ഒരു വസ്തുതയാണ്. സ്വതവെ ഒരു സമരപ്രിയ അല്ലെങ്കിലും ഉഗ്രമായ ഒരു സ്വാതന്ത്ര്യവാദിയാണ്. അതിനാൽ എന്നും അവർ കോൺഗ്രസ്സിന്റെ മുന്നണിയിൽത്തന്നെ നില്ക്കുന്നു. ആ ദേവിയുടെ ആദർശങ്ങൾ സർവ്വദാ ഉജ്ജ്വലങ്ങളും നവനവങ്ങളും ആയിരിക്കും. മനോധർമ്മത്തിലും വാഗ്‌വിലാസത്തിലും അവർ സുതരാം അനുഗൃഹീതയാണ്. അവർ സ്നേഹിക്കുന്നവരും, അവരെ സ്നേഹിക്കുന്നവരും എല്ലാ രാഷ്ട്രീയകക്ഷിയിലും ഉണ്ട്. സഹിഷ്ണുത, ഔദാര്യബുദ്ധി ഇവ അവരുടെ മധുരമായ സ്വഭാവവിശേഷത്തിന്റെ അംഗങ്ങളാകുന്നു. ഭിന്നാഭിപ്രായങ്ങൾക്കു ഇടംനല്കുമാറു ലോകം അത്രക്കു വിസ്തൃതമാണെന്നു അവർ കരുതുന്നുണ്ടാവണം. യാതൊരു പ്രസ്ഥാനത്തിന്റെയും കർത്തൃത്വം അവരിൽ സ്ഥിതിചെയ്യുന്നില്ലെങ്കിലും ദേശീയോൽക്കർഷത്തേയും, ഭാരതീയസംസ്കാരത്തേയും മുന്നോട്ടുകൊണ്ടുപോകുന്ന എല്ലാ സജീവപ്രസ്ഥാനങ്ങളുടേയും മുന്നണിയിൽ സരോജിനിദേവിയെ കാണാമെന്നുള്ളതു തീർച്ചയാണ്. പ്രഭാതത്തിലെ കോകിലഗാനംപോലെ അഭിനവഭാരതത്തിന്റെ അഭ്യുത്ഥാനത്തിങ്കൽ ഈ ദേവിയുടെ സ്വാതന്ത്ര്യസന്ദേശങ്ങൾ ഉത്തേജകങ്ങളായിരിക്കുന്നു,

ഈ അമ്മയുടെ സ്വഭാവമാധുര്യത്തിന്റെ പ്രത്യേകാംശം എന്നെ സവിശേഷം ആകർഷിച്ചിട്ടുണ്ട്. അതു അവരുടെ പെരുമാററത്തിൽ കണ്ടിട്ടുള്ള അകൃത്രിമമായ സമഭാവനയാകുന്നു. എളിയവരോടുള്ള പെരുമാററത്തിൽ താൻ അവരെ ഉദ്ധരിക്കുവാൻ പുറപ്പെട്ടിരിക്കയാണു് എന്നുള്ള ഭാവം അവർക്കില്ല. അനുകമ്പയിലും ഔദാര്യത്തിലും ലോഭമില്ലാത്ത ഒരു ഹൃദയമാണു് അവർക്കുള്ളതു്. എന്നാൽ ഒരു ദാതാവിന്റെ ഔന്നത്യഭാവം അവർ കൈക്കൊള്ളുന്നില്ല. അവരുടെ സ്വന്തം മടിശ്ശീല പ്രായേണ ഒഴിഞ്ഞുതന്നെ ഇരിക്കുമെങ്കിലും, സഹായം അർഹിക്കുന്ന ഒരു കാര്യത്തിൽ അവരുടെ ഹൃദയത്തോടൊപ്പം കൈകളും മുമ്പോട്ടുതന്നെ വരുന്നു. ഈ വക സന്ദർഭങ്ങളിൽ സരോജിനിനായഡു ധനവാന്മാരേക്കാളും അധികം ധന്യയായിട്ടാണു് അനുഭവപ്പെടുക. ഇക്കഴിഞ്ഞ ഫൈയിസ്പുരിസമ്മേളനത്തോടുചേർന്നു നടത്തിയ സർവ്വേന്ത്യാകർഷകസമ്മേളനത്തിൽ സംബന്ധിക്കുവാൻവേണ്ടി സാധുക്കളായ കൃഷിവലന്മാർ സമീപജില്ലകളിൽനിന്നും കാൽനടയായി അവിടെ എത്തീട്ടുണ്ടായിരുന്നു. ക്ഷീണംകൊണ്ടു പരവശരായിത്തീർന്നിരുന്ന ആ സാധുക്കൾക്കു മടങ്ങിപ്പോകുവാൻ അല്പാല്പമായ സഹായങ്ങൾ നല്കുവാൻതന്നെ ഒരു അഞ്ഞൂറു് ഉറുപ്പികയെങ്കിലും വേണ്ടിയിരുന്നു. ഇതിന്നു തല്ക്കാലം വഴികാണാതെ വിഷമിച്ചിരുന്ന കർഷകസമ്മേളനപ്രവർത്തകന്മാർക്ക ഉത്തരക്ഷണത്തിൽ അവലംബമായിത്തീർന്നതു് സരോജിനിദേവിയായിരുന്നു. പ്രവർത്തകന്മാരായ യുവാക്കന്മാരോടു് അനുഭാവശൂന്യരായി പെരുമാറിയിരുന്ന ചില

കോൺഗ്രസ് നേതാക്കന്മാരെക്കൊണ്ടുതന്നെ ഗണ്യമായ സംഖ്യകൾ സംഭാവന ചെയ്യിക്കുവാൻ ആ ദേവിയുടെ ആജ്ഞാശക്തി പര്യാപ്തമായി ഭവിച്ചു. അവരുടെ സഹജമായ ആൎദ്രതയെ ആകട്ടെ അവർ പ്രകടിപ്പിക്കുന്നില്ല എന്നാൽ അതിൻെറ പ്രചോദനം അവരുടെ പ്രവൃത്തികളിൽ സന്ദർഭോചിതം പ്രതിഫലിക്കുന്നു. അവരുടെ അനുകമ്പക്കു പാത്രമായവരോട് അവർ ആദരപൂൎവ്വം പെരുമാറുന്നു.

ഇപ്പോൾ അവതരിപ്പിക്കുന്നതായ ഈ ഗ്രന്ഥത്തെക്കാളും അധികം വിപുലമായ ജീവിതചരിത്രഗ്രന്ഥങ്ങൾ ശ്രീമതി സരോജിനിനായഡുവെക്കുറിച്ചു മേലിൽ ഉണ്ടാകുമെന്നുള്ളതു് തീൎച്ചയാണു്. പ്രതിഭാശാലിനിയും സ്വരാജ്യഭക്തയും ഉഗ്രമായ ഒരു സ്വാതന്ത്ര്യവാദിയും ആയ ഈ മഹതിയുടെ ജീവിതചരിത്രഗ്രന്ഥം വായനക്കാൎക്കു ഉത്തേജകമായി ഭവിക്കുമെന്നു ആശിക്കുന്നു.

ചാലപ്പുറം,
3—6—36.

എം. കെ. പിള്ള.

# മിസ്സിസ്

# സരോജിനി നായഡു.

## വിലയേറിയ അഭിപ്രായങ്ങൾ.

---

**സഞ്ജയൻ. 1937 ഒക്ടോബർ 4. ലക്കം 11.**

അഭിവന്ദ്യകളായ ഇന്നത്തെ ഭാരതീയമഹിളകളിൽ അഗ്രസ്ഥാനത്തെ അഹിക്കുന്ന ശ്രീമതി സരോജിനിദേവിയുടെ നാളിതുവരെയുള്ള ജീവിതസംഭവങ്ങളെ ഗ്രന്ഥകാരൻ സാമാന്യം സാമത്ഥ്യത്തോടെ ഇതിൽ വിവരിച്ചിരിക്കുന്നു.

**2 മലയാള മനോരമ. 1113 വൃശ്ചികം 4.**

ഒന്നിലധികം പ്രാവശ്യം കേരളഭൂമിയെ സന്ദശിച്ചിട്ടുള്ള ഈ മഹിളാമണിയുടെ ശ്രേഷ്ഠകൃത്യങ്ങളെക്കുറിച്ചു കേരളയോഷിത്തുകൾക്കു സുപരിചിതങ്ങളായിത്തീരുവാൻ ഈ ഗ്രന്ഥം തികച്ചും പയ്യാപ്തമാണു്. ഗ്രന്ഥത്തിലെ ഭാഷ മിക്കവാറും അക്ലിഷ്ടസുകുമാരമായിത്തന്നെയിരിക്കുന്നുവെന്നു പറയാവുന്നതാണു്. വാക്യങ്ങൾക്കു നല്ല ഓജസ്സും ആജ്ജവവും ഉള്ളതുകൊണ്ടു വിവക്ഷിതാത്ഥഗ്രഹണം വായനക്കാക്കു എളുപ്പത്തിൽ സാധിക്കുന്നു.

**3. വിവേകവാണി. 1938 September.**

ഇന്ത്യയെ ഇന്നു അഭിമുഖികരിച്ചിരിക്കുന്ന പ്രധാന പ്രശ്നങ്ങളെക്കുറിച്ചു മിസ്സിസ്സ് നായഡുവിനുള്ള അഭിപ്രായങ്ങൾ എന്തെല്ലാമെന്നും ഏതെല്ലാം തുറകളിലാണു് അവരുടെ ശക്തി പ്രവത്തിച്ചിട്ടുള്ളതെന്നും ഇതിൽ നിന്നു സാമാന്യം വിശദമാകുന്നുണ്ടു്. ഭാഷ ഒട്ടാകെ പ്രസന്നകോമളമായിട്ടുണ്ടു്.

## 4. കോഴിക്കോടൻ മനോരമ.

ചരിത്രനായികയുടെ രാഷ്ട്രീയമായും മററുമുള്ള പരിശ്രമങ്ങളേയും ജീവിതസംഭവങ്ങളേയും സാമാന്യം വിശദവും ഉജ്ജ്വലവുമായ ഭാഷയിൽ ചിത്രീകരിക്കുവാൻ ഗ്രന്ഥകൎത്താവിന്നു സാധിച്ചിട്ടുണ്ടു്. മി. ബാലകൃഷ്ണൻെറ ഭാഷാരീതിക്കു സ്വതസിദ്ധമായ ഒരു ഒഴുക്കും സൌന്ദൎയ്യവുമുണ്ടു്. ഒട്ടാകെ ഈ വിഷയത്തിലുള്ള അദ്ദേഹത്തിൻെറ പരിശ്രമം വിജയകരമായിട്ടുണ്ടെന്നുള്ളതിന്നു സംശയമില്ല.

## 5. യുക്തിവാദി. ലക്കം 4. വൃശ്ചികം 1114.

ഉൽകൃഷ്ടകവയിത്രിയും, അഭിവന്ദ്യദേശഭക്തയുമായ സരോജിനിനായഡുവിൻെറ ജീവിതചരിത്രം സംക്ഷിപ്തമായി ഇതിൽ പ്രതിപാദിച്ചിരിക്കുന്നു. വിദ്യാൎത്ഥികളിൽ ദേശാഭിമാനവും, രാജ്യസേവാസന്നദ്ധതയും ഉളവാക്കാനിടയുള്ള ഇത്തരം പുസ്തകങ്ങളെ അധികൃതന്മാർ പാഠ്യപുസ്തകങ്ങളായി തിരഞ്ഞെടുക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

## 6. West Coast Reformer. Sept. 5. 1937

We had read with pleasure this short biography of Mrs. Sarojini Naidu from the pen of Mr. S. K. Balakrishnan. Mrs. Sarojini Naidu is admittedly one of the highestdaughters of India. Her literary merits elegance and raving patriotism are a matter of prid to her countrymen and countrywomen and the part she had played in the struggle for the contry's freebom constitutes a chapter of inspiring leadership and selfless service. The life of such a womon must need. be an edifying study. In these pages the main events in Mrs Naidu's life are given in simple and yet elegant language and the reader is sure to find the volume both educative and interesting.

# അനുക്രമണിക.


1. മാതാപിതാക്കന്മാർ.
2. ജനനവും ബാല്യവും.
3. വിദേശവിദ്യാഭ്യാസം.
4. പരിവർത്തനഘട്ടം.
5. പ്രത്യാഗമനം.
6. ദി ഗോൾഡൻ ത്രെഷോൾഡ്.
7. സ്വഭാവം.
8. സോദരീസഹോദരന്മാർ.
9. രാഷ്ട്രീയജീവിതം.
10. പ്രസംഗങ്ങൾ.
11. സത്യാഗ്രഹത്തിൽ ചേർന്നു.
12. ഡെപ്യൂട്ടേഷൻ പോയതു.
13. മഹാത്മാഗാന്ധിയുടെ അനുയായിനി.
14. രണ്ടാം യൂറോപ്പ് പര്യടനം.
15. മലബാർ സന്ദർശനം.
16. ആഫ്രിക്കാ സന്ദർശനം.
17. കോൺഗ്രസ്സ് അദ്ധ്യക്ഷ.
18 ഹിന്ദുമുസ്ലിം മൈത്രി.
19. സുപ്രസിദ്ധ പ്രാസംഗിക.
20. നിയമലംഘനപ്രസ്ഥാനം
21. അന്ത്യസമരം.
22. വനിതാഗവർണ്ണർ.
23. ചരമം.

# മിസ്സിസ്
# സരോജിനി നായഡു.
## (സുപ്രസിദ്ധ ഭാരതീയ കവയിത്രി)

സ്ത്രീകൾ അബലകളാണെന്നും, അവൎക്കു സ്വാതന്ത്ര്യം നല്കുന്നതു അപകടമാണെന്നും, മററും കേവലം പഴമക്കാർ മാത്രമല്ല, പരിഷ്കരിച്ചവർ തന്നേയും പറയുന്നതായി കേട്ടിട്ടുണ്ടു്. ഇതിനെ സാധൂകരിക്കാനായി അനേകം പഴഞ്ചൻകഥകളും, പ്രമാണങ്ങളും അവൎക്കു തട്ടിമൂളിക്കാനും സാധിക്കും.

"പിതാരക്ഷതി കൌമാരേ,
ഭൎത്താരക്ഷതി യൌവനേ,
പുത്രോരക്ഷതി വാൎദ്ധക്യേ,
നഃസ്ത്രീ സ്വാതന്ത്ര്യ മൎഹതി."

എന്നും മററും ഉള്ള നിയമങ്ങൾ ഭാരതഭൂമിയിൽ ഏതു കാലം മുതല്ക്കാണ് നടപ്പിലായതെന്നു നമുക്കു അറിവില്ല. വൈദികകാലങ്ങളിലും പൌരാണികകാലങ്ങളിലും ഇത്തരം നിയമങ്ങൾ പ്രചാരത്തിലുണ്ടായിരുന്നില്ലെന്നു ഇതിഹാസങ്ങളിലേയും, പുരാണങ്ങളിലേയും ഉൽകൃഷ്ടസ്ത്രീകളെപ്പററിയുള്ള കഥകൾ തെളിയിക്കുന്നുണ്ടു്. സ്ത്രീകൾക്കു യാതൊരു സ്വാതന്ത്ര്യവും, സുഖവും അനുവദിക്കാതെ, പുരുഷൻെറ സ്വാൎത്ഥം നേടുന്നതിന്നായി ബഹുവിധ നിയമങ്ങൾ ഉണ്ടാക്കുകയും, സ്ത്രീകളെ സന്താനോല്പാദനത്തിന്നുള്ള ഒരു തരം യന്ത്രങ്ങളാണെന്നു കരുതിവരികയും ചെയ്യു

കയാലാണ് ഭാരതീയ വനിതാലോകം ഇതരരാജ്യങ്ങളെ അപേക്ഷിച്ച് എത്രയും അധഃസ്ഥിതി പ്രാപിച്ചത്.

എന്നാൽ കൊട്ടംപിരികൊണ്ട പാഴ്നിയമങ്ങളുടെ മറ്റനങ്ങളേല്ക്കാതെ, പൂർണ്ണസ്വാതന്ത്ര്യത്തോടെ വിദേശങ്ങളിൽ പോയി വിദ്യാഭ്യാസം ചെയ്തു ശാസ്ത്രം, സാഹിത്യം, സംഗീതം മുതലായ വിവിധവിഷയങ്ങളിൽ പ്രവീണകളായി ലോകത്തിൻെറ സമാരാദ്ധ്യമായ ആരാധനയ്ക്കു പാത്രീഭവിച്ച തരുണീമണികളും നമ്മുടെ നാട്ടിൽ ഇല്ലാതെയല്ല. പക്ഷെ അവരുടെ എണ്ണം എത്രയും പരിമിതമാണ്. അങ്ങിനെയുള്ളവരിൽ, അഗ്രഗണ്യമായ സ്ഥാനത്തെ അലങ്കരിക്കുന്ന ഒരു മഹതിയാണ് മിസ്സിസ്സ് സരോജിനി നായഡു. വീരാംഗനമാരുടെ ചരിത്രങ്ങൾ വായിച്ചു മനസ്സിലാക്കുന്നതിന്നുള്ള സൌകര്യങ്ങൾ നമ്മുടെ നാട്ടിൽ ഇച്ഛേം കുറവാണ്. ഈ ന്യൂനത വാസ്തവത്തിൽ മഹതികളുടെ വദ്ധനവിനെ തടയുകയാണ് ചെയ്യുന്നതെന്നു സംശയമെന്ന്യേ പറയാം. ഒരു വിശ്രുതകവയിത്രി, ഒരു യഥാത്ഥ രാജ്യഭക്ത, ഒരു തികഞ്ഞ പ്രാസംഗിക, ഒരു ഉത്തമപത്നി ഇങ്ങിനെ ബഹുധാ പ്രശസ്തയായ സരോജിനിയുടെ സംഭവബഹുലവും, മാതൃകായോഗ്യവുമായ ജീവിതചരിത്രം നാമെല്ലാവരും അറിഞ്ഞിരിക്കേണ്ടതാണ്.

## മാതാപിതാക്കന്മാർ

ലോകമഹാഗ്രന്ഥത്തിൻെറ ഏടുകളിൽ മായാത്ത ചിത്രം കൊത്തിവെച്ച നിരവധി മഹാന്മാരുടെ ജന്മഭൂമിയാവാൻ ഭാഗ്യം സിദ്ധിച്ച ബംഗാളിനു തന്നെയാണ്

നമ്മുടെ ചരിത്രനായികയുടെ മാതൃസ്ഥാനം വഹിപ്പാനും സംഗതിയായതു്. ബങ്കാളിലും, ഭാരതത്തിലും പാശ്ചാത്യ രാജ്യങ്ങളിലും ഒരുപോലെ സുപ്രസിദ്ധനായിരുന്ന ഹൈദരബാദിലെ വിദ്യാഭ്യാസ മേലദ്ധ്യക്ഷൻ ഡോക്ടർ അഘോരനാഥ ചതോപാദ്ധ്യായന്നു് "ഭാരത സുന്ദരദേവി"യിൽ സംജാതയായ പുത്രിയാകുന്നു ശ്രീമതി സരോജിനി. ആ ദമ്പതികൾക്കാകെ എട്ടു സന്താനങ്ങളുണ്ടായിരുന്നു. നാലു പുത്രന്മാരും, നാലു പുത്രികളും അതിൽ തൃതീയ സന്താനമാണു് സരോജിനി.

ഡക്കാഡിസ്ത്രിക്ടിലെ ബ്രാഹ്മൻഗോൺ (Brahmangaon) എന്ന ഗ്രാമത്തിൽ 1851-ൽ അഘോരനാഥൻ ഭൂജാതനായി. നാലു സഹോദരന്മാരിൽ ഇളയവനായിരുന്നു അദ്ദേഹം. പഠിപ്പുകൊണ്ടും ബുദ്ധിശക്തികൊണ്ടും, ഉത്സാഹംകൊണ്ടും ഗുരുനാഥന്മാരുടെ കണ്ണിലുണ്ണിയായിത്തീൎന്ന അഘോരനാഥൻ കല്ക്കത്താ പ്രസിഡൻസി കോളേജിലെ വിദ്യാഭ്യാസാനന്തരം 300 പവൻ സ്കോളർഷിപ്പോടുകൂടി ഇംഗ്ലണ്ടിലേക്കു പോയി, എഡിൻബറോ സൎവ്വകലാശാലയിൽ ചേൎന്നു അക്കാലത്താണു് പ്രകൃതിവിജ്ഞാനീയത്തിലും, രസതന്ത്രത്തിലും പ്രസിദ്ധരായ പ്രൊഫസർ ഗുത്രീടെയിററ് (Prof Guthrie Tait) പ്രൊഫസർ ക്രംബ്രൌൺ (Prof. Crum Brown) എന്നീ മഹാന്മാരുടെ ശിഷ്യത്വം സമ്പാദിപ്പാൻ അദ്ദേഹത്തിന്നു സാധിച്ചതു്. ബി. എസ്സ്. സി. പരീക്ഷയിൽ ഒന്നാമനായി ജയിച്ചതിനാൽ 1875-ൽ ഭൌതികശാസ്ത്രത്തിന്നുള്ള (Physical Science) ബേക്സ്റ്റർ സമ്മാനം (Baxter Prize)

അഘോരനാഥന്നു ലഭിക്കുകയുണ്ടായി. കൂടാതെ പല വിദ്യാത്ഥികളും അതിയായി ആകാംക്ഷിച്ചിരുന്ന "ഹോപ്പ്പ്രൈസ്സം" (Hope Prize) അദ്ദേഹത്തിന്നുതന്നെ ലഭിച്ചു. പ്രസ്തുത മത്സരപരീക്ഷയ്ക്കു് ലണ്ടനിലേയും കെയിംബ്രിഡ്ജിലേയും ചില പ്രൊഫസർമാർകൂടി ഹാജരായിരുന്നുവത്രെ.

എഡിൻബറോവിലെ പഠനകാലം അവസാനിച്ചപ്പോൾ, അദ്ദേഹം ജർമ്മനിയിൽ പോയി, അവിടത്തെ ബോൺ സർവ്വകലാശാല (University of Born) യിൽ നിന്നു രണ്ടു വർഷം ശാസ്ത്രീയഗവേഷണങ്ങൾ നടത്തുകയുണ്ടായി. ഇതിന്നു പുറമെ പ്രൊഫസർ വൊംറെത്തിന്റെ (Prof: Vomrath) കീഴിൽ നിന്നു ക്രിസ്റ്റലോഗ്രാഫിയും (Crystallography) പ്രൊഫസർ ക്ലോസിയസ്സിന്റെ (Prof. Clausius) കീഴിൽനിന്നു ഊഷ്മാവ്, ഭാസ്, വിദ്യുച്ഛക്തി (Heat, Light, Electricity) എന്നീ വിഷയങ്ങളും പ്രൊഫസർ കെക്കുളിന്റെ (Prof. Kekule) കീഴിൽനിന്നു ഓർഗാനിക്ക് കെമിസ്റ്ററിയും (Organic Chemistery) അഘോരനാഥൻ അഭ്യസിച്ചു. 1877-ൽ ജർമ്മനിയിൽ നിന്നു ഇംഗ്ലണ്ടിലേക്കു തിരിച്ചുവന്നപ്പോൾ ഡി. എസ്. സി. എന്ന ബിരുദും അദ്ദേഹത്തിന്നു ലഭിക്കുകയുണ്ടായി. അങ്ങിനെയിരിക്കെ, തന്റെ പ്രിയപിതാവിന്റെ ചരമവൃത്താന്തം കേട്ടപ്പോൾ അദ്ദേഹം സ്വദേശത്തേക്കുതന്നെ മടങ്ങി.

ഇന്ത്യയിൽ തിരിച്ചെത്തിയ ഉടനെ, ഇതിന്നുമുമ്പു രാജ്യം ഭരിച്ചിരുന്ന വിദ്യാഭ്യാസപ്രസക്തനായ ഹൈദരബാദിലെ നൈസാം, തന്റെ രാജ്യത്തു് വിദ്യാഭ്യാസപ്രച

രണം സാധിതപ്രായമാക്കാൻ വേണ്ടി വലിയ ഉത്തരവാദിത്വമുള്ള ജോലി കയ്യേല്ക്കാൻ അഘോരനാഥനെ ക്ഷണിക്കുകയുണ്ടായി. അപ്രതീക്ഷിതമായ ഈ ക്ഷണനത്തെ അദ്ദേഹം സസന്തോഷം സ്വീകരിച്ചു. വിദ്യാഭ്യാസവിഷയത്തിൽ അഘോരനാഥനുള്ള ശേഷിയും ശേമുഷിയും പ്രത്യക്ഷപ്പെടുവാൻ അധികനാൾ താമസിക്കേണ്ടിവന്നില്ല. ഒന്നാമതായി അദ്ദേഹം ഏർപ്പെടുത്തിയതു നൈസാം കോളേജായിരുന്നു. പിന്നീട് ബാലന്മാർക്കും ബാലികമാർക്കും പ്രത്യേകം പ്രത്യേകമായി പ്രാഥമികപാഠശാലകളും ഹൈസ്കൂളുകളും അദ്ദേഹം ഹൈദരബാദിൻെറ നാനാഭാഗത്തും സ്ഥാപിച്ചു. വിദ്യാഭ്യാസപ്രചരണത്തിന്നായി നടത്തിവന്ന അവിശ്രമപരിശ്രമങ്ങൾ സർവ്വത്ര സഫലമായതോടുകൂടി അഘോരനാഥനെ "വിദ്യാഭ്യാസപിതാവ്" എന്ന അപരാഭിധാനത്തിലാണ് ഹൈദരബാദ് മുഴുവനും അറിയപ്പെട്ടുവന്നതു്. സത്യം, സ്നേഹം, ന്യായം, സ്വദേശാഭിമാനം എന്നിവയുടെ മൂർത്തീകരണമായ സ്വഭാവവൈശിഷ്ട്യത്താലും ജീവിതക്രമങ്ങളാലും അദ്ദേഹം ആ നാട്ടുകാരുടെ പ്രീതിക്കും, നിത്യബഹുമാനത്തിന്നും, സ്മരണക്കും പാത്രീഭൂതനായി ഭവിച്ചു.

അഘോരനാഥൻെറ സർവ്വസംരഭങ്ങളിലും ഭാര്യയായ ഭാരതസുന്ദരദേവിയും ഭാഗഭാക്കായി പ്രവർത്തിച്ചുവരുന്നു. അന്ധവിശ്വാസങ്ങളോടും, അനാചാരങ്ങളോടും അദ്ദേഹത്തിന്നു അതിരുകവിഞ്ഞ അനാസ്ഥയുണ്ടായിരുന്നു. ജാതിമനോഭാവവും, മതാസക്തിയും അദ്ദേഹത്തെ തീണ്ടുകപോലും ചെയ്തിരുന്നില്ല. വിദ്യാഭ്യാസാർത്ഥം, വിവിധജാതിക്കാ

രും മതക്കാരുമായ വിദ്യാൎത്ഥികൾ അദ്ദേഹത്തിൻെറ ഭവനത്തിൽ താമസിച്ചുവന്നിരുന്നു. ശിഷ്യന്മാരോട് പുത്രസദൃശമായ വിധത്തിൽ അദ്ദേഹം പെരുമാറിവന്നതിനാൽ സ്വസന്താനങ്ങളും, വിദ്യാൎത്ഥികളും എല്ലാം അഘോരനാഥനെ "അമ്മാമൻ" എന്നായിരുന്നു വിളിച്ചുവന്നിരുന്നത്. ജാതിവ്യത്യാസമോ, മതവ്യത്യാസമോ കൂടാതെ അവരെല്ലാവരും ഏകോദരസഹോദരഭാവേന പെരുമാറിവന്നതു് കണ്ടിട്ടുതന്നെ അഘോരനാഥൻെറയും, പത്നിയുടേയും ഹൃദയം കുളുൎത്തിരിക്കണം. അഘോരനാഥൻെറ വസതി ഒരു വിദ്യാഭ്യാസനികേതനമായിരുന്നുവെന്നു പറയുന്നതിൽ വലിയ അതിശയോക്തിയുണ്ടെന്നു തോന്നുന്നില്ല. പണ്ഡിതകേസരികളായ യൂറോപ്യന്മാർ, മൌലവിമാർ, അഭിഭാഷകപ്രവീണന്മാർ, പൊതുപ്രവൎത്തകന്മാർ, രാജ്യതന്ത്രജ്ഞന്മാർ മുതലായവരെല്ലാം ആ മനോഹരഭവനത്തിൽ സമ്മേളിച്ചു, ഗൌരവമേറിയ കാൎയ്യങ്ങളെക്കുറിച്ചു വമ്പിച്ച വാദപ്രതിവാദങ്ങൾ നടത്തുകയും, തീരുമാനങ്ങൾ ഉണ്ടാക്കുകയും ചെയ്യുക സാധാരണമായിരുന്നു.

## ജനനവും ബാല്യവും.

സരോജിനീദേവി ഭൂജാതയായതു 1897 ഫിബ്രവരി 13-ാംനു-യായിരുന്നു. ഭൌതികമായ സമ്പത്തുകൊണ്ടു് വിലമതിക്കാൻ സാധിക്കാത്തതായ അത്തരം അനുകൂലസ്ഥിതികൾ ഏതൊരു മനുഷ്യൻെറ ജീവിതരീതിയെയാണ് പരിവൎത്തന ദശയിലേക്കാനയിപ്പിക്കാതിരിക്കുക! മനുഷ്യനെ ഉയൎത്തുന്നതും താഴ്ത്തുന്നതും പരിതസ്ഥിതിക

ളാണെന്ന അഭിജ്ഞമതം അക്ഷരംപ്രതി വാസ്തവമാണ്. വിദ്യാസമ്പന്നനും, സംസ്കാരപ്രിയനും, ഉൽപതിഷ്ണുവുമായ ഒരു പിതാവിനേയും, വിദുഷിയും ഗുണവതിയുമായ ഒരു മാതാവിനേയും ലഭിച്ചതു് സരോജിനിയുടെ പരമഭാഗ്യം തന്നെയാണ്. കുട്ടിക്കാലത്തു സിദ്ധിച്ച പരിശീലനങ്ങളാണ് ഭാവിയിലെ വിവിധ വിഷമാവസ്ഥകളേയും തരണം ചെയ്തു മുന്നോട്ടു പോകുവാൻ വേണ്ട കോപ്പും കെല്പും അവൾക്ക് പ്രദാനം ചെയ്തതു്. അഘോരനാഥൻ യഥാൎത്ഥ വിദ്യാഭ്യാസത്താൽ സംജാതമാകുന്ന മനഃപരിഷ്കാരം സിദ്ധിച്ച ആളാകയാൽ തന്റെ സന്താനങ്ങൾക്കു എല്ലാ കാൎയ്യങ്ങളിലും പരിപൂൎണ്ണമായ സ്വാതന്ത്ര്യം അനുവദിച്ചിരുന്നു. “അതു് ചെയ്യരുതു്; ഇതു ചെയ്യരുതു” എന്നു തുടങ്ങിയുള്ള കൎശനമേറിയ കല്പനകളൊന്നും അദ്ദേഹം നല്കുക പതിവില്ല. സരോജിനിയുടെ ശൈശവം ആഡംബരമയവും സുഖസമ്പൂൎണ്ണവുമായിരുന്നു. വിദ്യാഭ്യാസമൎമ്മജ്ഞനായ പിതാവ് മകളെ ബാല്യവിദ്യാഭ്യാസം ചെയ്യിപ്പിക്കുന്നതിന്നു വിദുഷികളായ ഒരു ഇംഗ്ലീഷുകാരിയേയും, ഒരു ഫ്രഞ്ചുകാരിയേയും നിയമിച്ചു. വളരെ ചെറുപ്പത്തിൽ തന്നെ സരോജിനിക്കു പ്രത്യേകമായ ഒരു മുറിയും, വീട്ടുസാമാനങ്ങളും, ഒരു ഗ്രന്ഥശാലയും മററും ലഭിച്ചിരുന്നുവെന്നു കേൾക്കുമ്പോൾതന്നെ എന്തൊരു കുബേരസദൃശമായ ജീവിതമായിരുന്നു അവരുടേതെന്നു അനുമാനിക്കാമല്ലോ. വൈകുന്നേരമായാൽ എല്ലാ കുട്ടികളേയും വിളിച്ചിരുത്തി സയൻസും പ്രകൃതിപാഠവും(Nature Study)സംഭാഷണരൂപേണ അഭ്യസിപ്പിക്കുന്നതിൽ അവരുടെ “അമ്മാമൻ”

ജാഗരൂകനായി വർത്തിച്ചു. സരോജിനിയുടെ സ്വഭാവ രൂപീകരണത്തിൻെറയും അടിക്കല്ലിട്ടതു് അഘോരനാഥൻ തന്നെയായിരുന്നു. മാതാപിതാക്കന്മാർ വീട്ടിൽനിന്നു ബംഗാളിഭാഷയാണു് സംസാരിച്ചു വന്നതെങ്കിലും, കുട്ടികൾ സംസാരിച്ചിരുന്നതു് ഉറുദുഭാഷയായിരുന്നു. കാരണം സദാ ഉറുദു സംസാരിക്കുന്ന സഹചാരികളുടെ കൂട്ടത്തിലാണു് അവർ വളൎന്നു വന്നതു്. ഇത്തരം പരിതസ്ഥിതികളാൽ കുട്ടികൾ എല്ലാവരും വിവിധ ഭാഷകളിൽ നൈപുണ്യമുള്ളവരായിത്തീൎന്നു.

"പഞ്ചമിച്ചന്ദ്രനെപ്പോലെ" നാൾതോറും വളൎന്നുവന്ന സരോജിനിയെ പാർസിഭാഷ അഭ്യസിപ്പിക്കുന്നതിന്നു ഒരു അദ്ധ്യാപകനെ അഘോരനാഥൻ നിയമിച്ചു. സ്കൂൾവിദ്യാഭ്യാസകാലത്തു ദ്വിതീയഭാഷയായി (Second Language) അവർ അംഗീകരിച്ചതു പാർസിഭാഷയാണു്. പലരേയും മഹാന്മാരാക്കി വാർത്തുവിടുവാൻ ഭാഗ്യം സിദ്ധിച്ച മദിരാശി പ്രസിഡൻസി കോളേജിൽ നിന്നാണു് സരോജിനി മെട്രിക്കുലേഷൻ പരീക്ഷ പ്രശസ്തമാംവണ്ണം പാസ്സായതു്. 14 വയസ്സു പ്രായമാകുമ്പോഴേക്കും ആംഗ്ലേയ സാഹിത്യത്തിലുള്ള ഒട്ടുമുക്കാലും കവനതല്ലജങ്ങൾ അവർ വായിച്ചു കഴിഞ്ഞിരുന്നു. അവയിൽ തൻെറ ഹൃദയത്തെ വല്ലാതെ വശീകരിച്ചുകളഞ്ഞതു ബ്രൌണിങ്ങ് (Browning) ഷെല്ലി (Shelly) ടെന്നിസൻ (Tennysen) എന്നിവരുടെ കൃതികളായിരുന്നുവെന്നു നമ്മുടെ ബാലിക പലപ്പോഴും പ്രസ്താവിച്ചിട്ടുണ്ടു്. അവരുടെ കൃതികൾ എത്ര വായിച്ചാലും തൃപ്തി വരാറില്ലത്രെ! സരോജിനിയിൽ അന്തർലീനമായി

ക്കിടന്നിരുന്ന പ്രകൃതി നിരീക്ഷണശക്തിയും, ഭാവനാവിശേഷവും, ധിഷണാപാടവവും, കുറെശ്ശക്കുറേശ്ശയായി പ്രത്യക്ഷപ്പെട്ടു തുടങ്ങിയതു ഇക്കാലം മുതല്ക്കാണ്. ക്ലാസ്സിൽ പാഠമെടുക്കുമ്പോഠം ശ്രദ്ധിക്കുന്നതിന്നു പകരം തന്റെ നോട്ടുപുസ്തകത്തിൽ കവിതാശകലങ്ങഠം കുത്തിക്കുറിച്ചിട്ടുകയെന്നതു സരോജിനിയുടെ ഒരു പതിവാകയാൽ പലപ്പോഴും അദ്ധ്യാപകന്മാർ ശാസിച്ചതായി കേട്ടിട്ടുണ്ടു്. പക്ഷെ അവയൊന്നും പൊതുജനദൃഷ്ടിയിൽ കൊണ്ടുവരുവാൻ അവർ ധൈര്യപ്പെട്ടിട്ടില്ല. തന്റെ നിസർഗ്ഗസിദ്ധമായ വാസന പ്രതികൂലമായ പരിതസ്ഥിതികളുമായി മല്ലിട്ടതും, ഒടുക്കം വിജയം കൈവന്നതും എങ്ങിനെയാണെന്നു സരോജിനി ആർതർ സൈമൺസിന്നു (Arthur Symons) അയച്ച ഒരെഴുത്തിൽ ഇപ്രകാരം പ്രസ്താവിച്ചിട്ടുണ്ടു്:—"പതിനൊന്നാമത്തെ വയസ്സിൽ ഞാൻ അഞ്ചാംഫോറത്തിൽ പഠിച്ചുകൊണ്ടിരിക്കയായിരുന്നു. ഒരു ദിവസം ബീജഗണിതത്തിലെ (Algebra) ഒരു കണക്കു ചെയ്യാൻ സാധിക്കാതെ വല്ലാതെ വിഷമിച്ചു. എത്രതന്നെ ആലോചിച്ചിട്ടും ശരിയായ ഉത്തരം കിട്ടിയില്ല. അതിന്നു പകരം പെട്ടെന്നു ഒരു കവിതാഗാനം എന്റെ പരിമിതമായ ബുദ്ധിയിൽനിന്നു നിർഗ്ഗളിക്കുകയാണു് ചെയ്തതു്. ഞാൻ ഉടൻതന്നെ അതു കടലാസ്സിൽ പകർത്തിയിട്ടു. എന്റെ കവിതാജീവിതത്തിന്റെ കൈവിളക്കായിരുന്നു ആ ചെറുഗീതി. പതിമൂന്നാമത്തെ വയസ്സിൽ "സരസ്സിലെ വനിത" (Lady of the Lake)—1300 വരികഠം—ആറു ദിവസംകൊണ്ടെഴുതിത്തീർത്തു 13-ാമത്തെ വയസ്സിൽ 2000 വരികളുള്ള ഒരു നാടകം ഞാൻ

വിവത്തനം ചെയ്തു. എനിക്കു കലശലായ ദീനമുണ്ടായപ്പോൾ ഡോക്ടർ പുസ്തകം തൊട്ടുകൂടിപോലും ചെയ്യരുതെന്നു കല്പിച്ചതിനെ ധിക്കരിച്ചു വീണ്ടും വിചാരമില്ലാതെയാണ് ഞാൻ നാടകം എഴുതിവിട്ടതു്."

ഒരു കണക്കുചെയ്തു മട്ടത്താൽ ഉടനടി കവിത രചിച്ചു പരിപൂർത്തിയാക്കുന്നതിന്നോ, ശാരീരികശക്തി വളരെ ക്ഷയിച്ചതു കണ്ടിട്ടു ഡോക്ടർ മാനസികമായ യാതൊരു പ്രവൃത്തിയും ചെയ്യാതിരിക്കേണ്ടതിന്നു, പുസ്തകപാരായണവുംകൂടി പാടില്ലെന്നു കല്പിച്ചാൽ ഒരു നാടകമെഴുതി മുഴമിപ്പിക്കുന്നതിന്നു് ആൎക്കും സാധിച്ചു എന്നു വരുന്നതല്ല. സരോജിനിദേവി ഒരു അനുഗ്രഹീതകവയിത്രിയാണെന്നു സ്പഷ്ടമാക്കുവാൻ ഇതുതന്നെ മതിയല്ലോ. മെട്രിക്കുലേഷൻ പരീക്ഷയിൽ വിജയം നേടിയതോടുകൂടി അവർ യഥാൎത്ഥത്തിൽ ഒരു കവിതാഭ്രാന്തയായിത്തീൎന്നുവെന്നു പറയാം. അടുത്തായുണ്ടായ സരോജിനിയുടെ കവിത, "മെഹർമുനിർ" (Meher Muner) എന്ന പാർസി നാടകത്തിന്റെ ഇംഗ്ലീഷുപരിവത്തനമായിരുന്നു. മകളുടെ സാഹിത്യപരിശ്രമങ്ങൾക്കു വേണ്ടുന്ന പ്രോത്സാഹനങ്ങൾ നല്കുന്നതിൽ സദാ ഉത്സുകനായി വൎത്തിച്ച വിദ്യാപ്രസക്തനായ അഘോരനാഥൻ ആ നാടകം ഒരു പുസ്തകമായി അച്ചടിച്ചു കിട്ടുവാൻ തക്കവണ്ണം ഒരു പ്രസ്സിൽ ഏല്പിച്ചു. പുസ്തകം പുറത്തു വന്നപ്പോൾ അതിന്റെ ഏതാനും ചില കോപ്പികൾ അദ്ദേഹം ചില മാന്യന്മാൎക്കു നല്കുകയും, ഒരു പ്രതി നൈസാം മഹാരാജാവിന്നു അയച്ചുകൊടുക്കുകയും ചെയ്തു. ഇതു് 1895-ൽ ആയിരുന്നു. സരോജിനിയുടെ വാസനാ

വൈഭവത്തെപ്പററി ഇതിന്നു മുമ്പുതന്നെ കേട്ടിരുന്നതിനാലും, ആ അഭിനവനാടകം വായിച്ചു അതീവ സന്തുഷ്ടനായതിനാലും, സഹൃദയാഗ്രേസരനായ നൈസാം സരോജിനിക്കു വിദേശവിദ്യാഭ്യാസാത്ഥം പ്രതിവഷം 300 പവൻ വേതനമായി അനുവദിക്കുകയും ആ ബാലകവയിത്രിയെ നിരവധി പ്രശംസാപത്രികകളാലും മററും പ്രോത്സാഹിപ്പിക്കുകയും ചെയ്തതിന്നു പുറമെ, കപ്പൽയാത്രക്കു ഒരു ഒന്നാം ക്ലാസ്സ് ടിക്കററ് വാങ്ങി കൊടുക്കുകയുംകൂടി ചെയ്തിരുന്നു. ഇങ്ങിനത്തെ ഉദാരമതികൾ ഇപ്പോഴും ഉണ്ടായിരുന്നുവെങ്കിൽ സാഹിത്യം എത്രമാത്രം അഭിവൃദ്ധിപ്പെട്ടുമായിരുന്നു.

## വിദേശ വിദ്യാഭ്യാസം.

1895-ൽ ഉപരിപഠനാത്ഥം സരോജിനിദേവി ഇംഗ്ലണ്ടിലേക്കു പുറപ്പെട്ടു്. കേവലം 16 വയസ്സുമാത്രം പ്രായമുള്ള ആ ബാലികയ്ക്കു വിദൂരവും അപരിചിതവുമായ ഒരു രാജ്യത്തിലേക്കു ഏകാകിനിയായിട്ടുപോവുന്നതിൽ ആദ്യം അല്പം വൈമനസ്യമുണ്ടായിരുന്നുവെങ്കിലും, പിന്നീട്ട് ബോംബെയിൽ എത്തിയപ്പോൾ തന്റെ പിതാവിന്റെ ഒരു പഴയ സുഹൃത്തിനെ കണ്ടതോടുകൂടി, അദ്ദേഹത്തോടൊപ്പം യാത്രചെയ്യുന്നതിൽ വലിയ ഉന്മേഷവും, ഉത്സാഹവുമാണു് തോന്നിയതു്. അവിടെ എത്തിയപ്പോൾ ഇന്ത്യൻ വിദ്യാത്ഥികളുടെ സൌകയ്യത്തിന്നും ക്ഷേമത്തിന്നും വേണ്ടി അശ്രാന്തപരിശ്രമം ചെയ്തുവന്ന മിസ്സ് മേനിങ്ങ് (Miss Manning) എന്ന മഹതിയുടെ രക്ഷയിൻകീഴിൽ വസിക്കുവാൻ അവൾക്കു സാധിച്ചു. മിസ്സ് മേനിങ്ങ് നട

ത്തിവന്ന ഹോസ്റ്റലിൽ ഇംഗ്ലണ്ടിലെ അന്നത്തെ പല പ്രസിദ്ധ സാഹിത്യകാരന്മാരും വിദ്യാഭ്യാസധുരന്ധരന്മാരും പണ്ഡിതകേസരികളും വിമൎശകപ്രവീണന്മാരും താമസിച്ചു വന്നിരുന്നു. തന്റെ സാഹിത്യപരിശ്രമങ്ങൾക്കു വലിയ പ്രോത്സാഹകനായി ഭവിച്ച സർ. എഡ്മൺഡ്ഗോസ് (Sir Edmund Gosse) എന്ന മാന്യനുമായി പരിചയപ്പെടുവാൻ സംഗതിവന്നതും ഇവിടുന്നാണു്. ഇതിനു പുറമെ, പ്രസിദ്ധ വിമൎശകവരേണ്യന്മാരായ വില്യം ആർച്ചർ (William Archer) ആർതർ സൈമൺസ്(Arthur Symons) എന്നിവരുടേയും, തന്റെ ഭാവിയിലെ പ്രസാധകനായ ഹെയിൻമേൻ (Heinman) എന്ന മാന്യന്റേയും മൈത്രി സമ്പാദിക്കുവാനും അവൾക്കു സാധിച്ചതു് മിസ്സ് മേനിങ്ങ് മുഖേനയായിരുന്നു. 16 വയസ്സുള്ളവൎക്കെല്ലാം കെയിംബ്രിഡ്ജിലെ എല്ലാ കോളേജുകളിലും പ്രവേശനം നിരോധിച്ചിരുന്നതിനാൽ 18 വയസ്സാകുന്നതുവരെ സരോജിനി കിംങ്ങ്സ് കോളേജിലെ (King's College, London) പ്രസംഗങ്ങൾക്കു ഹാജരാകുക പതിവായി. പ്രായപൂൎത്തി വന്നപ്പോൾ പ്രസിദ്ധപ്പെട്ട ഗട്ടൻകോളേജിൽ (Garton College) ചേൎന്നു. പക്ഷെ കലാലയത്തിലെ ജീവിതം സരോജിനിക്കു ഒരു വിധത്തിലും സുഖപ്രദമായി തോന്നിയില്ല. അവിടുത്തെ നിബന്ധനകൾക്കും, സമ്പ്രദായങ്ങൾക്കും വഴങ്ങി കഴിഞ്ഞുകൂടുകയെന്നതു അവൾക്കു ദുസ്സഹമായിത്തീൎന്നു. അക്കാലത്തു് സരോജിനിയെ പാശ്ചാത്യപരിഷ്ക്കാരപ്പകിട്ടു് വല്ലാതെ ആകൎഷിച്ചു. പാശ്ചാത്യങ്ങളായ ജീവിതരീതികളിൽ അവൾക്കു എന്തെന്നില്ലാത്ത ഒരഭിനിവേശം ആവിൎഭ

വിച്ചതിൻെറ ഫലമായി, ശരീരാരോഗ്യത്തിന്നു ക്രമേണ വലിയ ഹാനിതട്ടി. "ഇവിടെ പഠിച്ചുകൊണ്ടിരിക്കുന്ന ഭാരതീയ വനിതയ്ക്കു കവിത രചിക്കുവാനല്ലാതെ യാതൊന്നും സാധിക്കയില്ല" എന്നു കെയിംബ്രിഡ്ജിലെ വിദ്യാൎത്ഥികൾ സരോജിനിയെപ്പററി പരിഹസിച്ചു പറഞ്ഞുവത്രെ.

ദേഹാസ്വാസ്ഥ്യത്താൽ അവശയായ സരോജിനിക്കു ഗൎട്ടൻ കോളേജിലെ വിദ്യാഭ്യാസം നിൎത്തേണ്ടിവന്നു. 1897-ൽ അവർ ദേഹസുഖാൎത്ഥം യൂറോപ്പിലെ സുഖവാസകേന്ദ്രങ്ങളായ സ്വിററ്സർലാണ്ട്, ഇററലി എന്നീ രാജ്യങ്ങളിലേക്കു ഒരു പൎയ്യടനം ആരംഭിച്ചു. പ്രകൃതിരമണീയമായ കാഴ്ചകളാലും ചരിത്രപ്രധാനമായ സ്ഥലങ്ങളാലും നിബിഡമായ സ്വിററ്സർലാണ്ടിലേയും, ഇററലിയിലേയും വാസം സരോജിനിയുടെ ഹൃദയത്തിൽ വലിയ ഒരു പരിവൎത്തനമുണ്ടാക്കുകയും, നവീനമായ പല ചിന്താതരംഗങ്ങളെ ഉൽഭൂതമാക്കുകയും ചെയ്തു. വിജ്ഞാനാഭിവൃദ്ധിയിൽ (Renaissance) ആധിനായകത്വം വഹിച്ച ഇററലി—റഫേൽ (Rafhael) മൈക്കൽ എൻജിലൊ (Machael Angelo), മാസ്സിനി (Mazzini) ഗാരിബാൾഡി (Garibaldi) മുതലായ വീരപുരുഷന്മാരുടെ മാതൃരാജ്യമായ ഇററലി—അവരുടെ ഭാവനാശക്തിയെ ഉത്തേജിപ്പിച്ചതിൽ ആശ്ചൎയ്യത്തിന്നവകാശമില്ല.

## പരിവൎത്തനഘട്ടം.

സർ എഡ്മൺഡ്ഗോസ്സുമായി വലിയ മൈത്രീബന്ധത്തിലേൎപ്പെട്ടതുമുതൽ ദിവസേന അദ്ദേഹത്തെ സ്വ

ഭവനത്തിൽ ചെന്നു സന്ദർശിക്കുക സരോജിനിയുടെ ഒരു പതിവായിത്തീൎന്നു. ഇംഗ്ലീഷു സാഹിത്യലോകത്തിൽ അനശ്വരമായ കീൎത്തി തനിക്കും കരഗതമാകണമെന്ന ഉദ്ദേശത്തെ ലാക്കാക്കി അക്ഷീണപരിശ്രമം ചെയ്തുവന്നിരുന്ന ആ യുവകവയിത്രി തന്റെ കവിതകൾ ഒന്നു പരിശോധിക്കണമെന്നു സർ എഡ്മൺഡ്ഗോസ്സോടു സവിനയം അപേക്ഷിച്ചുകൊണ്ടു ഒരു ദിവസം ഒരു വലിയ കെട്ട് അദ്ദേഹത്തിന്റെ മുമ്പിൽ വെക്കുകയുണ്ടായി. ഗോസ്സ് ഓരോന്നോരോന്നായി പരിശോധിച്ചു തുടങ്ങിയതോടുകൂടി വലിയ ആശയററതുപോലുള്ള ഒരു ചേതോവികാരം അദ്ദേഹത്തിന്റെ മുഖദൎപ്പണത്തിൽ പ്രത്യക്ഷപ്പെട്ടുകണ്ടു. അസാമാന്യമായ കവനകലാവിലാസം നല്ലതിൻവണ്ണം തെളിഞ്ഞുകണ്ട പ്രസ്തുതകവിതകളിൽ അല്പം ചില ന്യൂനതകൾ മാത്രമേ ഉണ്ടായിരുന്നുള്ളു. പ്രായംകൊണ്ടു നന്നചെറുപ്പമായ നമ്മുടെ കവയിത്രിക്കു സന്ദൎഭോചിതമായ സാരോപദേശങ്ങൾ നല്കിയാൽ മുത്തുച്ചിപ്പിയിൽ വീണ ജലബിന്ദുപോലെ പ്രതീക്ഷിച്ചതിലധികം ഫലമുണ്ടാകുമെന്നു അദ്ദേഹത്തിന്നറിയാമായിരുന്നു. അതുകൊണ്ടു ആ അവസരത്തെ അദ്ദേഹം ഇപ്രകാരം വിനിയോഗിച്ചു:—"നിങ്ങൾ ഈ എഴുതിക്കൂട്ടിയതെല്ലാം ചവററുകൊട്ടയിൽ നിറക്കുവാനേ കൊള്ളുകയുള്ളു. ഇംഗ്ലണ്ടിലെ പ്രകൃതിവിലാസത്തെ നിരീക്ഷിച്ചു ഇംഗ്ലീഷുകാരുടെ ജീവിതരീതിയെ പരാമൎശിച്ചും ഉള്ള കവിതകളല്ല നിങ്ങൾ രചിക്കേണ്ടതു്. ഒരു ഭാരതീയകവയിത്രി അവശ്യം തിരഞ്ഞെടുക്കേണ്ട വിഷയങ്ങൾ ഭാരതത്തിലെ ശ്രേഷ്ഠമായ പൌരാണികമത

ത്തേയോ, സംസ്കാരങ്ങളേയോ സംബന്ധിച്ചവയായിരിക്കേണ്ടതാണ്. വെറും ഇംഗ്ലീഷുകവിതകളെ അനുകരിച്ചതുകൊണ്ടു കാൎയ്യമായില്ല. ദേശാഭിമാനത്തിൻെറയും രാജ്യാഭിമാനത്തിൻെറയും മാനദണ്ഡമായിരിക്കണം നിങ്ങളുടെ കവിതകൾ."

സദുദ്ദേശത്തോടും, അഭ്യുദയകാംക്ഷയോടുംകൂടി സർ എഡ്മൺഡ് ഗോസ് നൽകിയ ഉപദേശ തത്വങ്ങളെ സരോജിനി ശിരസാ വഹിച്ചു. അതോടുകൂടി അനൎഗ്ഗളമായി നിൎഗ്ഗളിച്ചുകൊണ്ടിരുന്ന അവരുടെ കവിതാ സരണി ഒരു നവിനപന്ഥാവിൽക്കൂടി തിരിഞ്ഞൊഴുകുവാൻതുടങ്ങി. പാശ്ചാത്യപരിഷ്കാരഭാസ്കരൻെറ കിരണങ്ങളേല്ക്കയാൽ മയങ്ങിപ്പോയ സരോജിനിയുടെ ഭാവനയെ മാതൃഭൂമിയുടെ ഹൃദയാന്തർഭാഗങ്ങളിലേക്കു തിരിച്ചു വിട്ടതു യഥാൎത്ഥത്തിൽ ആ മഹാനായിരുന്നു. പിന്നിട്ടുണ്ടായ കഥാനായികയുടെ കാവ്യതല്ലജങ്ങൾ സ്വദേശാഭിമാനോത്തേജങ്ങളും അപാദ മധുരങ്ങളുമാണ്. അവരുടെ കവനങ്ങൾ ഭാരതീയ സാഹിത്യത്തിൽ തന്നെ ഒരു നവീനപ്രസ്ഥാനത്തെ തിരിച്ചുവിട്ടു.

പത്തുവൎഷങ്ങൾക്കുള്ളിൽ സരോജിനി മൂന്നു പദ്യകാവ്യങ്ങൾ എഴുതുകയുണ്ടായി. അവയെല്ലാം പണ്ഡിത കേസരികളായ പാശ്ചാത്യരുടേയും, പൌരസ്ത്യരുടേയും പ്രശംസക്കു പാത്രീഭവിച്ചവയായിരുന്നു. 1912-ൽ പ്രസിദ്ധീകരിച്ച തൻെറ രണ്ടാമത്തെ കൃതിയായ (The Bird of Times) ദി ബൎഡ് ഓഫ് ടയിംസ് എന്ന വിശിഷ്ട ഗ്രന്ഥത്തിൻെറ ആമുഖോപന്യാസകാരൻ വിമൎശകപ്രവീ

ണനായ സർ എഡ്മൺഡ്ഗോസ്സ് തന്നെയായിരുന്നു. അതിൽ അദ്ദേഹം ഇപ്രകാരം പറഞ്ഞിരിക്കുന്നു:—"പാശ്ചാത്യ കവികൾക്കു വളരെമുമ്പുതന്നെ, കാവ്യജീവൻ ലോകത്തിന്നുനല്കി പ്രോല്ലസിക്കുന്ന പൌരാണിക മതത്തിൻെറ അദ്ധ്യാത്മിക രഹസ്യങ്ങളുടെയും ഹൃദയസ്പർശിയായ ആശയങ്ങളുടേയും, ദേശീയ പ്രബോധനത്തിൻെറയും സൌഹാർദ്ദപരമായ ഏതോ ഒരുപഗ്രഹം, അല്ലെങ്കിൽ ഭാരതത്തിൻെറ ഒരാവിഷ്കരണം, ആണ് ഈ മഹാ കവയിത്രി കൾനമേറിയ വിമർശനങ്ങൾക്കു ഈ ഗ്രന്ഥം പാത്രീഭവിക്കുകയില്ലെന്നും എനിക്കുറപ്പുണ്ടു". മി. ഗോസ്സിൻെറ അഭിപ്രായം അക്ഷരംപ്രതി അർത്ഥവത്തായിട്ടുള്ളതാണെന്നു അവരുടെ കവിതകൾ വായിക്കുവാൻ സാധിച്ചിട്ടുള്ളവരെല്ലാം സമ്മതിക്കുന്നതാണു്.

## പ്രത്യാഗമനം.

മൂന്നുവർഷം ഇംഗ്ലണ്ടിൽ താമസിച്ചതിന്നുശേഷം 1898 സപ്തെമ്പറിൽ സരോജിനിദേവി ഇന്ത്യയിൽ തിരിച്ചെത്തി. ഇംഗ്ലണ്ടിലേക്കു പോകുന്നതിന്നു മുമ്പുതന്നെ മനുഷ്യസാധാരണമായ ചില വികാരങ്ങൾ അവരുടെ ഹൃദയത്തിലും കളിയാടിത്തുടങ്ങിയിരുന്നു. അതിൻെറ ഫലമായി അപ്രതിഹതമായ അനുരാഗം സരോജിനിക്കു ഒരാളിൽ അങ്കുരിക്കുകയും അതിനെ യഥാക്രമം പരിപോഷിപ്പിച്ചുവരികയും ചെയ്തുവന്നിരുന്നു. അവർ മനസ്സാ വരിച്ചിരുന്ന ആൾ അന്യരുടെ കണ്ണിൽ ജാതികൊണ്ടു അല്പം താണവനാകയാൽ വിവാഹത്തിന്നു അനേകം പ്രതിബന്ധങ്ങളുണ്ടാകാ

തിരുന്നില്ല. ഒടുക്കം സരോജിനി സ്ഥിരചിത്തയാണെന്നും, അവരുടെ പ്രണയം യാഥാൎത്ഥമാണെന്നും മാതാപിതാക്കന്മാൎക്ക ബോദ്ധ്യപ്പെട്ടപ്പോൾ 1898 ഡിസെമ്പറിൽ ഡോക്ടർ എം. ജി. നായഡുവുമായുള്ള അവരുടെ വിവാഹം സശ്രുഭം ആഘോഷിക്കപ്പെട്ടു. അവരുടെ ദാമ്പത്യജീവിതം ആനന്ദമയമായ ഒന്നായിരുന്നു. പക്ഷെ ഗൃഹണീപദത്തിലെത്തിയ സരോജിനിക്ക ശാരീരികമായും, മാനസികമായും പല ക്ലേശങ്ങളും സഹിക്കേണ്ടതായിവന്നു. ശിഥിലമായ വല്ല കാരണങ്ങളുംമതി അവരുടെ ആരോഗ്യത്തെ ക്ഷതപ്പെടുത്തുവാൻ! അവരുടെ ദേഹസ്ഥിതി അത്രത്തോളം മോശമായിരുന്നു. 1904-ൽ വലിയ ആലസ്യം തോന്നിയ ഒരവസരത്തിൽ സരോജിനി ആർതർസൈമൺസ് എന്ന മാന്യനെഴുതിയ എഴുത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരുന്നു:—"എന്റെ പല മനോഹരകവിതകളും ഇപ്പോൾ ഭാവനയാകുന്ന ആകാശത്തിൽ ആഞ്ഞുലഞ്ഞു പാറിക്കളിക്കുകയാണ് ചെയ്യുന്നതെന്നു നിങ്ങൾ അറിയുമോ? ദൈവം കരുണാനിധിയാണെങ്കിൽ ഈ വൎഷത്തിൽ തന്നെ എന്റെ ആത്മാവാകുന്ന വലയുപയോഗിച്ചു അവയെയൊക്കെ പിടിച്ചു പ്രദൎശിപ്പിക്കുവാൻ എനിക്കു സാധിക്കും എന്റെ ജീവിതം പരിപൂൎണ്ണമാകണമെങ്കിൽ എനിക്കു അല്പമെങ്കിലും ആരോഗ്യം കിട്ടണം; എനിക്കു ഉത്സാഹവും തോന്നണം! എന്നാൽ എന്റെ ആരാമത്തിലെ കൊച്ചുകിളികളുടെ കളകൂജിതങ്ങളും, എന്റെ വീട്ടിലെ ശിശുക്കളുടെ താരാട്ടു പാട്ടുകളും എല്ലാവൎക്കും കേൾക്കാം! ദൈവം അതിന്നു സംഗതിവരുത്തുമെന്നാശിക്കട്ടെ!"

ഡാക്ടർ എം ജി. നായഡു ഒരു ഉത്തമപതിയായിരുന്നു. സരോജിനിയുടെ സുഖസന്തോഷങ്ങൾക്കായി എന്തും ചെയ്യുവാൻ അദ്ദേഹം സദാ സന്നദ്ധനായിരുന്നു. 1904-നുള്ളിൽ 4 സന്താനങ്ങളുടെ മാതാവാകാൻ ആ മഹതിക്കു ഭാഗധേയം സിദ്ധിച്ചു. ഭൌതികസമ്പത്തുകൾ ആണെങ്കിൽ അവക്കു ധാരാളമുണ്ടായിരുന്നു. തന്നിൽ ഒളിഞ്ഞുകിടക്കുന്ന കവിതാദീപം മുഴുവനായി പ്രകാശിച്ചു കഴിഞ്ഞിട്ടില്ല. താൻ സ്വപ്നലോകത്തിൽ വിചാരിച്ചു കൊണ്ടിരുന്ന പല കാര്യങ്ങളും പ്രവൃത്തിപഥത്തിൽ കൊണ്ടുവരുവാൻ അവരുടെ അനാരോഗ്യസ്ഥിതി പ്രതിബന്ധമായിത്തീൎന്നു. "മൃത്യുവാകുന്ന മഹാഗ്നിയിൽ ചുള്ളിക്കൊമ്പുകൾ ക്ഷണത്തിൽ ആളിക്കത്തിപ്പോവുകയില്ലേ?" എന്നൊരാശങ്ക അവരുടെ ഹൃദയാന്തർഭാഗത്തു എപ്പോഴും കുടികൊണ്ടിരുന്നു. വളരെ ക്ഷീണിച്ച ശരീരവും, ക്ഷയിച്ച ആരോഗ്യവുമാണ് അവരുടേതെങ്കിലും ഹൃദയം ആശയസമ്പൂർണ്ണമായിരുന്നു.

## ദി ഗോൾഡൻ ത്രെഷോൾഡ്.

അന്തരീക്ഷം തെളിഞ്ഞു, കാർമ്മേഘങ്ങൾ ചിന്നിച്ചിതറിപ്പോയി; അരുണഭാസ്കരൻ പൂർവ്വാധികം പ്രശോഭിച്ചു. നിരാശയിൽ നിമഗ്നയായി, "ഇന്നു മരിക്കും, നാളെ മരിക്കും" എന്നുള്ള ഭയം സരോജിനിയുടെ ഹൃദയത്തിൽ നിന്നു തീരെ വിട്ടുപോയി. 1905-ൽ സരോജിനിയുടെ ദി ഗോൾഡൻ ത്രെഷോൾഡ് (The Golden Threshold) എന്ന മുഖ്യകൃതി പ്രസാധകനായ മി. ഹെയിൻമാനാ (Mr. Heine man) ൽ പ്രസിദ്ധീകരിക്കപ്പെട്ടു. അതിലെ ആമു

ഖോപന്യാസകത്താവ് തൻെറ മാന്യസുഹൃത്തായ സർ ആർതർ സൈമൺസ് തന്നെയായിരുന്നു. ആ അഭിനവ കൃതി കണ്ടു സാഹിത്യലോകം ആനന്ദത്താൽ പുളകിതമായി. പ്രസ്തുത കവിതയിലെ "പൌരസ്ത്യമാന്ത്രികശക്തി" (Eastern Magic)പാശ്ചാത്യരെവല്ലാതെ വിസ്മയിപ്പിച്ചു. ലണ്ടനിലെ വിമശ്കപ്രഭൃതികൾതന്നെയും അതു് തനിതങ്കച്ചാറാണെന്നും, അകൃത്രിമകാവ്യമാണെന്നും, പൌരസ്ത്യഹൃദയമാണെന്നും മററും പ്രശംസിച്ചുതോക്കുമ്പോൾ അത് ലോകത്തിലെ ഒരു വിശിഷ്ടകൃതിയാണെന്ന ആക്കും അനുമാനിക്കാവുന്നതാണ്.മനുഷ്യസ്വഭാവം ചിത്രീകരിക്കുന്ന കവിതയിൽ പാശ്ചാത്യപൌരസ്ത്യഭേദം കാണുകയില്ലല്ലോ? ഒരുത്തമ കവിയായ ബൈറൺപ്രഭുവെപ്പോലെ ഒരു ദിവസം കാലത്തുണന്നെഴുനേററപ്പോൾ സരോജിനിദേവിയും പ്രശസ്തയായി കാണപ്പെട്ടുവെന്നു പറയപ്പെടുന്നു. ഇതിനുപുറമേ രണ്ടു കൃതികൾകൂടി അവർ രചിച്ചിരുന്നു. അവയിൽ The Bird of Times എന്ന കൃതി 1912-ലും(The Brokenwing)ദി ബ്രോക്കൻവിങ്ങ്എന്ന കൃതി 1917-ലും പ്രസിദ്ധീകരിക്കപ്പെട്ടു. ഇതോടുകൂടി ഒരു കീത്തനകവയിത്രി (A Lyrical Poet) എന്ന ഖ്യാതി സരോജിനിക്കു അനായാസേന കരഗതമായി.

## സ്വഭാവം

മിസ്സിസ് സരോജിനിനായഡുവിൻെറ സ്വഭാവവിശേഷങ്ങൾ ആരേയും ആകഷിക്കത്തക്കതായിരുന്നു. അവരുമായി അടുത്തു പരിചയിക്കുവാൻ സംഗതിവന്നിട്ടുള്ള ഏതൊരാൾക്കും അവരോടു അതിരുകവിഞ്ഞ സ്നേഹവും

ബഹുമാനവും അങ്കുരിക്കുന്നതാണ്. അപാരമായ ഔദാര്യശീലം, അന്യാദൃശമായ നിഷ്കളങ്കത, അസാമാന്യമായ ക്ഷമാശീലം, അനുപമമായ ദീനാനുകമ്പമുതലായ സൽഗുണങ്ങളാൽ സരോജിനി സ്നേഹിതന്മാരുടേയും, അതിഥികളുടേയും നിസ്സീമമായ സ്നേഹത്തിന്നും ബഹുമാനത്തിന്നും പാത്രീഭവിച്ചു. അവർ പാശ്ചാത്യപൌരസ്ത്യസംസ്കാരങ്ങളുടെ ഒരുമൂർത്തീകരണമെന്നുവേണം പറയുവാൻ. ഈ പരമാൎത്ഥം ബോദ്ധ്യപ്പെടുത്തുവാൻ അവരുടെ ഗൃഹത്തിലെ അതിഥിശാല ഒരിക്കലെങ്കിലും സന്ദൎശിച്ചാൽ മതി. വിചിത്രതരമായ പരവതാനികൾ, മനോഹരമായ മറശ്ശീലകൾ, ചുമരിന്മേൽ ചുറേറാട്ടുചുററും വലിയ ആൾക്കണ്ണാടികൾ, ഫോട്ടോഗ്രാഫുകൾ, ചിത്രങ്ങൾ, വിലപിടിച്ച മരങ്ങളാൽ കൊത്തുപണികളോടുകൂടി ഉണ്ടാക്കപ്പെട്ട മേശകൾ, അതിന്മേൽ പളുങ്കുപാത്രങ്ങളിൽ വെച്ചിട്ടുള്ള പുഷ്പക്കെട്ടുകൾ ഇവയെല്ലാം ഏതൊരു സന്ദൎശകൻെറയും ശ്രദ്ധയെ ഹഠാദാകൎഷിക്കാതിരിക്കയില്ല. ആ മുറിയിൽ ലഘുപാനീയങ്ങൾ എപ്പോഴും തയ്യാറാക്കിവെച്ചിട്ടുണ്ടായിരിക്കും. ഫലിതഭാഷയിൽ അവൎക്ക് വലിയ സാമൎത്ഥ്യമാണ്. സുഹൃത്തുക്കളുമായി സരസസംഭാഷണങ്ങളിലേൎപ്പെട്ടുകൊണ്ടിരിക്കുകയെന്നതു് സരോജിനി ഏററവും ഇഷ്ടപ്പെടുന്ന ഒരു കാൎയ്യമാണ്. കുട്ടികളോടും ഭൎത്താവിനോടും ഉള്ള അവരുടെ പെരുമാററം സ്നേഹമസൃണമായ വിധത്തിലായിരുന്നു. ഭാൎയ്യാഭൎത്താക്കന്മാർ തമ്മിൽ കണ്ടുവരാറുള്ള ശണ്ഠയും വഴക്കും ആ ഗൃഹത്തിൽ ഏതിനോക്കുകപോലും ചെയ്തിട്ടില്ലത്രെ.

## രാഷ്ട്രീയജീവിതം.

നിസ്സഹകരണപ്രസ്ഥാനത്തിൽ ഇറങ്ങി പ്രവൎത്തിക്കുന്നതിന്നു മുമ്പുതന്നെ രാഷ്ട്രീയമായും, സാമുദായികമായും ഉള്ള പല സംരംഭങ്ങളേയും സരോജിനി സൎവ്വാത്മനാ സഹായിച്ചു വന്നിരുന്നു. ഇടക്കിടെ ചെയ്തുവന്ന പൊതുപ്രവൃത്തികൾ നിമിത്തം, അന്നത്തെ പല രാഷ്ട്രീയനേതാക്കന്മാരുമായി പരിചയം സമ്പാദിക്കുവാൻ അവൎക്കു സാധിച്ചു. അവർ വലിയ മൈത്രീബന്ധത്തിലേർപ്പെട്ടതു ഗോഖലെയുമായിട്ടാണു്. സരോജിനിയെ രാഷ്ട്രീയരംഗത്തിൽ പ്രവേശിപ്പിച്ചതും വാസ്തവത്തിൽ അദ്ദേഹം തന്നെയായിരുന്നു. ഏതൊരുമനുഷ്യന്റേയും ഹൃദയാന്തർഭാഗത്തു കുടികൊള്ളുന്ന ദേശാഭിമാനത്തേയും, ആത്മാഭിമാനത്തേയും ഉത്തേജനം ചെയ്യുവാൻ പൎയ്യാപ്തമായ ആ മഹാന്റെ പ്രൌഢഗംഭീരവും, ഹൃദയാവൎജ്ജകവുമായ പ്രസംഗങ്ങൾ, കവിതാലോകത്തു കളകൂജനം ചെയ്യുന്ന കവികോകിലമായ സരോജിനിദേവിയെ, അവശതകളുടെ അടിത്തട്ടിൽ ആണ്ടുകിടക്കുന്ന തന്റെ രാഷ്ട്രത്തിന്റെ സമുദ്ധരണത്തിന്നുവേണ്ടി പരിശ്രമിപ്പാൻ പ്രേരിപ്പിച്ചതിൽ എന്താണു് അത്ഭുതപ്പെടാനുള്ളതു്? ഒരു ദിവസം ഗോഖലെ അവരെ വിളിച്ചു ചെയ്ത പ്രബോധനം ഇപ്രകാരമായിരുന്നു.

“നമ്മുടെ ഭാരതമാതാവിന്നായി, നിങ്ങളുടെ കവിതകളും, നിങ്ങളുടെ വിചിന്തനങ്ങളും, വാഗ്വിലാസങ്ങളും, നക്ഷത്രങ്ങൾ, പൎവ്വതങ്ങൾ മുതലായ ലോകസാക്ഷികൾ കാണ്കെ, എന്റെ പാൎശ്വത്തിൽ നിന്നു നിസ്സങ്കോചം

പ്രതിഷ്ഠാപിക്കുക! ഗിരിശൃംഗങ്ങളിൽനിന്നുള്ള നിങ്ങളുടെ നമ്മാലാപങ്ങൾ സാനുപ്രദേശങ്ങളിൽ വേലചെയ്യുന്ന പാവപ്പെട്ട സഹോദരന്മാരുടെ കാതുകളിൽ അമൃതിൻ തുള്ളിയായി ഭവിക്കട്ടെ".

ഗോപാലകൃഷ്ണഗോഖലയുടേയും മററു ഭാരതീയനേതാക്കളുടേയും, ഇത്തരം പ്രബോധനങ്ങളും, പ്രസംഗങ്ങളും സരോജിനിയിൽ വമ്പിച്ച പരിവർത്തനം ഉളവാക്കി. ഹിന്ദുക്കളും മുസ്ലീംകളും തമ്മിലുള്ള മമതയ്ക്കു വലിയ വിഘാതം സംഭവിച്ച ആ കാലത്തു്, രാജ്യപരമായ കാര്യങ്ങൾ നിർവ്വിഘ്നം നിർവ്വഹിക്കാൻ സാധിച്ചിരുന്നില്ല. രാഷ്ട്രീയഭൃദയങ്ങൾക്കാസ്പദമായ തീരുമാനങ്ങൾ ഉണ്ടാകുന്നതിന്നു പല വിഷമതകളുമുണ്ടായിരുന്നു. അങ്ങിനെയിരിക്കെ, 1913 മാർച്ച് 23-ാംനു- ലക്ക്നൊവിൽവെച്ചു ഹിന്ദുമുസ്ലീംമൈത്രി സ്ഥാപിതമാക്കേണ്ട കാര്യത്തെക്കുറിച്ചാലോചിക്കുന്നതിന്നായി ചരിത്രപ്രധാനമായ "മുസ്ലിംലീഗ്" എന്ന മഹായോഗം ചേർന്നു. മിസിസ്സ് സരോജിനിനായഡു ആദ്യമായി പ്രസംഗമണ്ഡപത്തിൽ കയറിയതു തദവസരത്തിലായിരുന്നു. പ്രസ്തുതയോഗത്തിൽവെച്ചു സരോജിനി ചെയ്ത ഉജ്ജ്വലവും സാരഗർഭവുമായ പ്രസംഗം നാനാജാതിക്കാരായ ശ്രോതാക്കളിൽ വിസ്മയ ബഹുമാനങ്ങളെ സംജാതമാക്കി.

## പ്രസംഗങ്ങൾ.

1915-ൽ ലോർഡ് സിംഹയുടെ സമാരാദ്ധ്യമായ അദ്ധ്യക്ഷ്യത്തിൽ ബോംബായിൽ വെച്ചുകൂടിയ ഭാരതമഹാ

ജനസഭയിലും സരോജിനി പ്രസംഗിക്കുകയുണ്ടായി. ഭാരതീയൈക്യത്തെ ദീഘദശനംചെയ്തുകൊണ്ടും സ്വയംഭരണത്തിനായുള്ള (Resolution for self Govt.) പ്രമേയത്തെ അനുകൂലിച്ചുകൊണ്ടും അവർ ചെയ്ത പ്രസംഗം ശ്രദ്ധേയമായിരുന്നു. 1917-ൽ മിസ്സിസ് ബസൻറിൻെറ അഗ്രാസനാധിപത്യത്തിൽ കല്ക്കത്തയിൽ വെച്ചുകൂടിയ കോൺഗ്രസ്സ് സമ്മേളനത്തിൽ സരോജിനിദേവി ചെയ്ത പ്രസംഗത്തെ ഇപ്രകാരം ഉപസംഹരിക്കുകയുണ്ടായി:—"ആസന്നഭാവിയിൽ നിങ്ങൾ യുദ്ധയാത്ര തുടരുമ്പോൾ ദേശീയപതാക ഉയത്തുവാനും, ദീപം കാണിച്ചു നിങ്ങളെ വഴി നടത്തുവാനും, നമ്മുടെ സ്ത്രീകൾ സദാ സന്നദ്ധകളാണെന്ന് പ്രസ്താവിക്കുന്നതിൽ എനിക്കു അമിതമായ ആഹ്ലാദമുണ്ട്. അഥവാ നിങ്ങൾ പോക്കളത്തിൽവെച്ചു ഇങ്ങിനി വരാത്തവണ്ണം ഇഹലോകവാസം വെടിയുകയാണെങ്കിൽ, ചിററൂരിലെ പത്മിനിറാണിയെപ്പോലെ, ഭാരതീയവനിതാരത്നങ്ങൾ പുരുഷന്മാരെ പിന്തുടരാതിരിക്കയില്ലെന്നു നിങ്ങൾ നിസ്സന്ദേഹം സമാധാനിച്ചുകൊള്ളുവിൻ!"

ഇന്ത്യയെ വിഷമിപ്പിക്കുന്ന പരിതസ്ഥിതികളാൽ വിഷാദിതയായ സരോജിനിദേവി ബോംബേയിൽവെച്ചു അതിഗംഭീരമായ ഒരു പ്രസംഗം മററൊരവസരത്തിൽ ചെയ്യുകയുണ്ടായി. അതു ഭാരതീയരുടേയെല്ലാം സവിശേഷശ്രദ്ധയെ അഹിക്കുന്ന ഒന്നായിരുന്നു.

"ഇന്ത്യക്കാരായ നമുക്കു പ്രാപ്യസ്ഥാനത്തെത്തുന്നതിനു അനേകം പ്രതിബന്ധങ്ങളെ അതിലംഘിക്കേണ്ടതു

ണ്ടു്. ഒരു ഭവനം പണിയിക്കേണ്ടതിന്നു ആവശ്യകമായ സാമഗ്രികൾ ഇല്ലാത്ത ഒരുവൻ "വീട്ടു്, വീട്ടു്" എന്നു നിലവിളിക്കുമ്പോൾ ആൎക്കും അവനെപ്പററി അത്ഭുതം തോന്നാതിരിക്കയില്ല. അതുപോലെയാണു് നമ്മുടെ സ്ഥിതിയും. ആ കാൎയ്യം നാം ഗൌരവമായി ചിന്തിക്കണം. ധൎമ്മബോധത്തെ ആസ്പദമാക്കി വേണം കാൎയ്യങ്ങൾ ആലോചിക്കുവാനും പ്രവൎത്തിക്കുവാനും ത്യാഗവും, സഹനശക്തിയും, ജീവകാരുണ്യവുംകൊണ്ടു നമുക്കുള്ള സൎവ്വ അപവാദങ്ങളേയും നാം പരിഹരിക്കണം. നമ്മുടെ പൂൎവ്വികന്മാരുടെ യശസ്സിനേയും, ജീവിതസൌഭാഗ്യത്തേയും നാം കളങ്കപങ്കിലമാക്കാൻ പാടില്ല. നമ്മുടെ ബുദ്ധൻ, നമ്മുടെ ശ്രീകൃഷ്ണൻ, നമ്മുടെ യേശുക്രിസ്തു, നമ്മുടെ മഹാവീരൻ, ഇവരെല്ലാം പ്രതിബന്ധങ്ങളെ ത്യാഗംകൊണ്ടും, ജീവകാരുണ്യംകൊണ്ടുമാണു് തരണം ചെയ്തിട്ടുള്ളതു്."

1918-ൽ മദിരാശി പ്രാദേശികസമ്മേളനം (Madras Provincial Conference) കാഞ്ചീപുരത്തുവെച്ചു നടത്തപ്പെട്ടപ്പോൾ അതിൻെറ അദ്ധ്യക്ഷപദം അലങ്കരിച്ചിരുന്നതും മിസ്സിസ് സരോജിനിനായഡു തന്നെയായിരുന്നു. പൊതുകാൎയ്യങ്ങളിൽ അവൎക്കുള്ള പ്രാപ്തി എത്രമാത്രമാണെന്നു പ്രത്യക്ഷപ്പെട്ടതു ആ സമ്മേളനത്തിൽനിന്നായിരുന്നു. യാതൊരു ഒരുക്കവും ഇല്ലാതെ പൊട്ടുന്നനവെ അവർ ചെയ്ത പ്രസംഗം പലരുടേയും ചിന്താഗതിയെ ഇളക്കി മറിക്കുവാൻ തക്കവണ്ണം ശക്തിമത്തായിരുന്നു.

 12768

## സത്യാഗ്രഹത്തിൽ ചേൎന്നതു്

റൌലററ് നിയമത്തിന്നെതിരായി സത്യാഗ്രഹ പ്രസ്ഥാനം ആദ്യമായി മഹാത്മാഗാന്ധിയാൽ സമാരംഭിക്കപ്പെട്ടതു് 1917-ൽ ആയിരുന്നു. ഈ അഭിനവപ്രസ്ഥാനത്തിന്നു ആദ്യമായി സ്വാഗതമരുളിയവരിൽ ശ്രീമതി സരോജിനീദേവിയും ഉൾപ്പെട്ടിരുന്നു. ഗാന്ധിജിയുടെ പ്രസ്ഥാനത്തിന്നു വമ്പിച്ച പ്രചാരം സിദ്ധിക്കുന്നതിന്നായി സരോജിനി ഇന്ത്യമുഴുവനും ചുററിസഞ്ചരിച്ചു അശ്രാന്ത പരിശ്രമം ചെയ്തുവന്നു. ആ ഏപ്രിൽ മാസം 6—ാംനു- സത്യാഗ്രഹദിനത്തിൽ അവർ ബോംബെയിൽ തെരുവുകളിൽകൂടി നടന്നു, ഗവൎമ്മേണ്ടു പ്രചാരം തടഞ്ഞ ദേശീയ ഗ്രന്ഥങ്ങൾ വില്ക്കുകപോലും ചെയ്തുവെന്നു കേൾക്കുമ്പോൾ ആരാണു് കോൾമയിർക്കൊള്ളാതിരിക്കുക?

## ഡെപ്യൂട്ടേഷൻ പോയതു്.

ഭരണപരിഷ്കാരം നടപ്പിൽ വരുത്തുവാൻ ഇന്ത്യയിലെ സ്ഥിതിഗതികളറിയേണ്ടതിന്നായി അന്നത്തെ ഇന്ത്യാസിക്രട്ടരിയായ ബഹുമാനപ്പെട്ട ഇ. എസ്, മൊണ്ടേഗുവിൻെറ ചരിത്രപ്രസിദ്ധമായ സന്ദൎശനാവസരത്തിൽ അഖിലഭാരതവനിതാ നിവേദകസംഘത്തിൻെറ (All India Women's Deputation)നായിക എന്ന നിലയിൽ സ്ത്രീകൾക്കു പൌരാവകാശസമത്വമുണ്ടായിരിക്കേണമെന്ന കാൎയ്യത്തെക്കുറിച്ചു മിസ്സിസ് നായഡു അദ്ദേഹവുമായി ഒരഭിമുഖസംഭാഷണം നടത്തിയിരുന്നു. ഒരു രാഷ്ട്രീയസഭയിൽ

വെല്സ്, വൈസരോയി മൊണ്ടേഗു എന്നിവരുടെ സമക്ഷത്തിൽ അവർ നടത്തിയ അവകാശവാദങ്ങൾ എത്രത്തോളം പ്രബോധജനകമായിരുന്നു. അതിന്നുശേഷം ഇന്ത്യാകമ്മിററിയിലെ (All India Rule League) ഒരംഗമെന്ന നിലയിൽ സരോജിനി ഇംഗ്ലണ്ടിൽ പോയി, സെലക്ട്കമ്മിററി (Parlimentary Joint Select Committee) വാദത്തം ചെയ്ത റിഫോം ബില്ലിനെ (Reform Bill) സംബന്ധിച്ചു നിരവധി ന്യായവാദങ്ങൾ ചെയ്തു. അവർ സെലക്ട് കമ്മററിയുടെ മുമ്പാകെ പൌരാവകാശസമത്വത്തിന്നായി സമപ്പിച്ച മെമ്മോറാണ്ടം ആശയബാഹുല്യമുള്ള കവിതകളുടേയും, അത്ഥഗംഭീരമായ വാചകങ്ങളുടേയും ഒരു സങ്കലനമായിരുന്നു. ഈ മെമ്മോറാണ്ടം എഴുതപ്പെട്ടതു് "മനോഹരമായ ഗദ്യശൈലിയിലാണെങ്കിലും, ഇതിൽ കവിത്വം തെളിഞ്ഞുകാണുന്നുണ്ടെന്നാണ്" കമ്മിററിയുടെ അദ്ധ്യക്ഷൻ അതിനെക്കുറിച്ചു അഭിപ്രായപ്പെട്ടതു്. ഉദ്ദേശസാഫല്യത്തിന്നായി സരോജിനി വളരെയൊക്കെ പരിശ്രമിച്ചു; എന്നാൽ നിരാശാവദനയായിട്ടാണു് അവർ മടങ്ങേണ്ടിവന്നതു്.

## മഹാത്മാഗാന്ധിയുടെ അനുയായിനി.

ഇന്ത്യയിലെത്തിയതിൽപിന്നെ അവർ ഗാന്ധിജിയെ രാഷ്ട്രീയനായകനായി സ്വീകരിക്കുകയും, അദ്ദേഹത്തിൻെറ ആദശ്ത്തിന്നനുസരിച്ച വിധത്തിൽ ദേശീയപ്രവത്തനത്തിൽ ഏപ്പെട്ടുകയും, പ്രസംഗങ്ങൾ നടത്തിവരികയും ചെയ്തുവന്നു. രാഷ്ട്രീയകാര്യങ്ങളിൽ അവരുടെ ഗുരുത്വം,

മാർഗ്ഗദർശിയും എല്ലാം ഗാന്ധിജിതന്നെയായിരുന്നു അദ്ദേഹത്തിൻെറ ആദർശത്തിന്നനുസരിച്ചു രാജ്യസേവനം ചെയ്യുന്നതിൽ എത്രതന്നെ വിഷമതകളുണ്ടെങ്കിലും, അവയെയെല്ലാം തരണം ചെയ്യുന്നതിന്നും, എന്തു കഷ്ടങ്ങൾ അനുഭവിക്കുന്നതിന്നും സരോജിനി സദാ സന്നദ്ധയായിരുന്നു. ഗാന്ധിജി ഏൎപ്പെടുത്തിയിരുന്ന ഖിലാഫത്ത് ബഹളത്തിലും, സ്വരാജ്യപ്രസ്ഥാനത്തിലും അവരും ഭാഗഭാക്കായി പ്രവൎത്തിച്ചുവന്നു. തദവസരത്തിൽ പഞ്ചാബിലും ബങ്കാളിലും സഞ്ചരിച്ചു പ്രസ്തുത സംരംഭങ്ങളെപ്പററി തൻെറ സ്വതസിദ്ധമായ വാഗ്ധാടിയോടും, പ്രാഗത്ഭ്യത്തോടുംകൂടി സരോജിനി നിരവധി പ്രസംഗങ്ങൾ നടത്തുകയുണ്ടായിട്ടുണ്ടു്.

## രണ്ടാം യൂറോപ്പ്പൎയ്യടനം.

1920-ൽ സരോജിനി രണ്ടാമതും ഇംഗ്ലണ്ടിലേക്കു യാത്രയായി. ഇത്തവണ പോയതു ദേഹസുഖാൎത്ഥമാണെങ്കിലും, തൻെറ മാതൃഭൂമിയെ സംബന്ധിച്ചുള്ള ഏതുകാൎയ്യങ്ങളിലും അവൎക്കുള്ള യഥാൎത്ഥമായ അഭിനിവേശവും ശ്രദ്ധയും എപ്പോഴും നിലനിന്നിരുന്നു. ലണ്ടനിലെ (King's Way Hall) കിങ്ങ്സ്വെ ഹാളിൽവെച്ചു കൂടിയ ഇന്ത്യൻ ഖിലാഫത്ത് ഡെലിഗേഷനിൽ (Indian Kilaphat Deligation) സരോജിനിയും സംബന്ധിച്ചിരുന്നു. അതേ ഹാളിൽവെച്ചു പഞ്ചാബിലെ ലജ്ജാവഹമായ സ്ഥിതിയും, കഷ്ടതകളും(Agony and Shame of the Punjab) എന്ന വിഷയത്തെ അധികരിച്ചു സരോജിനി ഒരു പ്രസം

ഗം ചെയ്കുന്നതും അതുപ്രകാരം ഇന്ത്യാസിക്രട്ടരി മി. മൊണ്ടേഗുമായി വളരെക്കാലം പ്രമാദമായ എഴുത്തുകുത്തുകൾ നടന്നതും പ്രത്യേകം പ്രസ്താവയോഗ്യമാണു്. തന്റെ പ്രസ്താവനകളെ രേഖാമൂലം തെളിയിക്കാൻ മി. മൊണ്ടേഗു ആവശ്യപ്പെട്ടപ്പോൾ, സരോജിനി കോൺഗ്രസ്സ്റിപ്പോർട്ടിനെ അടിസ്ഥാനമാക്കി എഴുതിയ കാര്യസമ്പൂർണ്ണമായ മറുപടി ആരുടേയും ശ്ലാഘയെ അർഹിക്കുന്നതാണു്.

## മലബാർ സന്ദർശനം.

മിസ്സിസ് സരോജിനിനായഡു ആദ്യമായി മലബാർ സന്ദർശിച്ചതു ചരിത്രപ്രസിദ്ധമായ മാപ്പിള ലഹളക്കാലത്താണു്. 1922 മാർച്ചിൽ കോഴിക്കോട്ടുവെച്ചുകൂടിയ ഒരു യോഗത്തിൽ മാപ്പിളലഹള ഒതുക്കുവാൻ ഗവമ്മേണ്ടു് സ്വീകരിച്ചിട്ടുള്ള ക്രൂരവും, അക്രമപരവുമായ നയത്തെ അവർ കഠിനമായി ആക്ഷേപിക്കുകയുണ്ടായിട്ടുണ്ടു്. അപ്പോൾ, അടിസ്ഥാനരഹിതമായ തെളിവുകൾ അറിയിച്ചുതരികയൊ അല്ലെങ്കിൽ മാപ്പു ചോദിക്കുകയൊ ചെയ്യാതിരുന്നെങ്കിൽ മദിരാശി ഗവമ്മേണ്ടു് അവരുടെ മേൽ വേണ്ട നടപടി നടത്തുന്നതാണെന്നു ഭീഷണിപ്പെടുത്തുകയുണ്ടായി. സരോജിനി അശേഷം അധൈര്യം അവലംബിച്ചില്ല. അവർ തന്റെ പ്രസ്താവനകളെ പിൻവലിക്കുകയോ മാപ്പു ചോദിക്കുകയൊ ചെയ്തില്ല. ഒടുക്കം മിസ്സിസ് നായഡു സവ്വവിധ തെളിവുകളും ഉദ്ധരിച്ചുകൊണ്ടു ഗംഭീരമായ ഒരു ലേഖനം പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയതോടുകൂടി ഗവമ്മേണ്ടു മൌനം അവലംബിക്കുകയാണു് ചെയ്തതെന്ന സംഗതി പലരും അറിയുന്നതാണു്.

നിസ്സഹകരണപ്രസ്ഥാനത്തിന്നു സൎവ്വതോമുഖമായ പ്രചരണം സിദ്ധിച്ചതോടുകൂടി മഹാത്മാഗാന്ധിയെ അറസ്റ്റ് ചെയ്യുമെന്നുള്ള ഒരു കിംവദന്തി ഹിമവൽസേതുപൎയ്യന്തം പരക്കുകയുണ്ടായി. അക്കാലത്തു മിസ്സിസ് സരോജിനിനായഡു ഗാന്ധിജിയോടൊപ്പം സഹകരിച്ചു പ്രവൎത്തിച്ചുവരികയായിരുന്നു. 1922 മാൎച്ച് 11-ാംനു- മഹാത്മാഗാന്ധിയെ അറസ്റ്റ്ചെയ്ത സംഭവം ജനങ്ങളിൽ വലിയ ഒച്ചപ്പാടും ബഹളവും ഉണ്ടാക്കിയിരുന്നുവല്ലോ. ചരിത്രപ്രധാനമായ അഹമ്മദ്ബാദ് വിചാരണയെപ്പററി യഥാൎത്ഥ വിവരങ്ങൾ പത്രദ്വാരാ നമുക്കറിവാൻ സംഗതിയായതു് സരോജിനിദേവിയുടെ തൂലികത്തുമ്പിൽനിന്നാണു്. വിധി വിസ്താരം കഴിയുന്നതുവരെ സരോജിനി കോടതിയിൽ പതിവായി ഹാജരുണ്ടായിരുന്നുവത്രെ.

## ആഫ്രിക്കാ സന്ദൎശനം.

ആഫ്രിക്കയിൽ കുടിയേറിപ്പാൎത്തു തൊഴിൽചെയ്തു ഉപജീവനം കഴിച്ചുവന്ന സാധുക്കളായ ഇന്ത്യക്കാരോടു് ഭരണകൎത്താക്കന്മാർ മൃഗീയമാംവിധം നിൎദ്ദയമായും നിന്ദ്യമായും പെരുമാറിവന്നതു ഭാരതീയനേതാക്കളെ വല്ലാതെ വേദനിപ്പിച്ചു. ആ ഭരണകൎത്താക്കൾ വൎണ്ണവ്യത്യാസത്തെ അടിസ്ഥാനമാക്കി ഇന്ത്യൻ തൊഴിലാളികളെ മൎദ്ദിച്ചതിന്നതിരില്ല. കാലത്തു 7 മണിമുതൽ വൈകുന്നേരം 5 മണിവരെ വെറും യന്ത്രങ്ങളെപോലെ പണിചെയ്യേണ്ട ഒരുകൂട്ടം മനുഷ്യവൎഗ്ഗക്കാരായിട്ടാണു് അവർ ഇന്ത്യക്കാരെ കരുതിവന്നതു്. അക്കാലത്തു യാതൊരു സ്വാതന്ത്ര്യവും

സമാധാനവും ആഫ്രിക്കയിലെ ഇന്ത്യക്കാൎക്കു ലഭിച്ചിരുന്നില്ല. വിദ്യാലയങ്ങൾ, നഗരസഭകൾ എന്നിവയിൽ അവൎക്കു പ്രവേശനമില്ല; പൊതുനിരത്തുകളിൽ യഥേഷ്ടം സഞ്ചരിക്കവയ്യ; മാത്രമോ, തൊട്ടതിന്നും, തൊടുന്നതിന്നും, പ്രത്യേകം നികുതി ചു'ത്തി അവരെ വല്ലാതെ കഷ്ടപ്പെടുത്തിയിരുന്നു

1924-ൽ പാവപ്പെട്ട ഇന്ത്യൻ തൊഴിലാളികളുടെ അവശതാനിവാരണാൎത്ഥം മഹാത്മാഗാന്ധി അക്ഷീണപരിശ്രമം ആരംഭിച്ചപ്പോൾ സരോജിനിനായഡുവും ആഫ്രിക്കയിൽ പോവുകയുണ്ടായി. ഭരണകൎത്താക്കളുമായി അഭിമുഖസംഭാഷണം നടത്തി, അവരുടെ വിഷമതകൾക്കു കഴിയുന്നേടത്തോളം പരിഹാരം ആ വനിതാരത്നം ഉണ്ടാക്കികൊടുത്തു. തദനന്തരം ഇന്ത്യക്കാരുടെ മുഖത്തു കരിതേച്ച കുപ്രസിദ്ധയായ മിസ്സ് മേയോവിൻെറ "മദർ ഇന്ത്യയെ" ഖണ്ഡിച്ചുകൊണ്ടു അവർ അമേരിക്കയിൽ സഞ്ചരിച്ചു ചെയ്തു വന്ന പ്രസംഗങ്ങൾ പാശ്ചാത്യരെ അമ്പരിപ്പിക്കുകയും, ലജ്ജിപ്പിക്കുകയും ഉണ്ടായി.

## കോൺഗ്രസ്സ് അദ്ധ്യക്ഷ.

ഗാന്ധിജിയുടെ അറസ്റ്റിന്നുശേഷം ഭാരതീയനേതാക്കളിൽ പലരും, നിസ്സഹകരണപ്രസ്ഥാനത്തെ പരിപോഷിപ്പിക്കുന്നതിൽ വലിയ വിമുഖത കാണിച്ചു. എന്നാൽ മിസ്സിസ് നായഡു പ്രസ്തുത സംരംഭത്തെ വിജയസോപാനത്തിൻെറ മേൽതട്ടിലേററുവാൻ അവിശ്രമപരിശ്രമം നടത്തുകതന്നെയാണു് ചെയ്തതു്. വിശ്വവിശ്രുതമായ ഇന്ത്യൻ

നാഷനൽകോൺഗ്രസ്സിൻെറ, അദ്ധ്യക്ഷപദം അലങ്കരിക്കു കയെന്നതു് അസ്വതന്ത്രഭാരതത്തിൻെറ ചെങ്കോൽധരിക്കു ക എന്നതിൻെറ ഒരു വ്യാഖ്യാനമായിട്ടു് പലരും പരിഗ ണിക്കുന്നതിൽ തെല്ലും അതിശയോക്തിയില്ല. 1925ലെ ഇന്ത്യൻനാഷനൽ കോൺഗ്രസ്സിൻെറ സമ്മേളനാദ്ധ്യക്ഷ യായി മിസ്സിസ് സരോജിനിയെയായിരുന്നു കമ്മിററി തിര ഞ്ഞെടുത്തതു്. ഇദംപ്രഥമമായി ഈ മഹൽപദത്തിൽ പ്രതിഷ്ഠാപിതയായ മഹിളാമണി നമ്മുടെ ചരിത്രനായിക തന്നെയാണു്.

## ഹിന്ദുമുസ്ലിംമൈത്രി.

ഹിന്ദുമുസ്ലിംമൈത്രി സുസ്ഥാപിതമാകുവാൻ പരി ശ്രമിച്ചവരിൽ അഗ്രഗണ്യമായ ഒരു സ്ഥാനവും മിസ്സിസ് നായഡുവിനുണ്ടു്. നമ്മുടെ രാജ്യത്തിൻെറ നാനാവിധ മായ ഉൽക്കർഷങ്ങൾക്കു് ഹിന്ദുമുസ്ലിംമൈത്രി അത്യന്താ പേക്ഷിതമാണെന്നു അവർ പൂർണ്ണമായും വിശ്വസിക്കുന്നു. “ഭാരതീയാന്തരീക്ഷത്തിൽ ജീവിക്കുന്ന ഓരോ വ്യക്തിയു ടേയും ജീവാണുക്കൾപോലും, അടിമശൃംഖലകളാൽ കെട്ട പ്പെട്ടുഴലുന്ന നമ്മുടെ ദിവ്യമാതാവിൻെറ സ്വാതന്ത്ര്യല ബ്ധിക്കായി ബലികഴിക്കുക”ഇതാണു് മിസ്സിസ് നായഡു വിൻെറ പ്രാമുഖ്യമേറിയ മുദ്രാവാക്യം. ഈ ആദർശത്തിന്ന നുസരിച്ചു തന്നെയാണു് അനുനിമിഷവും അവർ ജീവിതം കഴിച്ചുവന്നതു്.

## സുപ്രസിദ്ധ പ്രാസംഗിക.

കവിതാരചനയിലുള്ളപോലെ തന്നെ പ്രസംഗിക്കു ന്നതിലും അവർക്കുള്ള വൈദഗ്ദ്ധ്യം അനന്യസാധാരണമാ

ണ്. ആ മാന്യ മഹതിയുടെ പ്രസംഗങ്ങൾ ഒരിക്കലെങ്കിലും കേൾക്കുവാൻ സംഗതി വന്നിട്ടുള്ളവൎക്കൊക്കെ, അവരെപ്പററി അതിരററ ആദരവും ബഹുമാനവും ഉണ്ടാകാതിരിക്കയില്ല. അത്രക്കു പ്രസന്നവും, പ്രൌഢവും, ഉജ്ജ്വലവും, സരസവുമാണ് അവരുടെ പ്രസംഗങ്ങൾ. ആംഗ്ലേയപ്രാസംഗികന്മാരെപ്പോലും, ലജ്ജിപ്പിക്കുന്നതാണ് അവരുടെ ഇംഗ്ലീഷുപ്രസംഗമെങ്കിൽ, ഹിന്ദി, ബംഗാളി, ഗുജറാത്തി എന്നീ ഭാഷകളിൽ അവർ ചെയ്ത പ്രസംഗങ്ങൾ, ഏതൽഭാഷാപ്രവീണന്മാരെ അത്ഭുതപ്പെടുത്തിയവയാണ്. മിസ്സിസ് നായഡുവിൻെറ എല്ലാ ഇംഗ്ലീഷുപ്രസംഗങ്ങളും ക്രോഡീകരിച്ചു മദിരാശിയിലെ നടേശൻ കമ്പനിക്കാർ ഒരു പുസ്തകം പ്രസിദ്ധപ്പെടുത്തീട്ടുള്ളതു്. ഈ അവസരത്തിൽ സ്മരണീയമാണ്.

## നിയമലംഘനപ്രസ്ഥാനം.

മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ 1930-ൽ നിയമലംഘനപ്രസ്ഥാനം ആരംഭിച്ചതു് രാഷ്ട്രീയചരിത്രത്തിൽ ഒരു അഭിനവാദ്ധ്യായമാണെന്നല്ലോ കുറിക്കുന്നതു്. അദ്ദേഹത്തോടു സഹകരിച്ചു മിസ്സിസ് നായഡുവും വമ്പിച്ച ത്യാഗങ്ങൾ ചെയ്യുകയുണ്ടായി. പ്രിയ മാതാവിനുവേണ്ടി പൂമെത്തകൾക്കു പകരം കാരാഗൃഹത്തിൻെറ ഇരുളടഞ്ഞ തറകളാണ് അവർ സസന്തോഷം വരിച്ചതു്. അവർ ചെയ്ത വീരപരാക്രമങ്ങളെല്ലാം, ആരുടേയും സ്മൃതിപഥത്തിൽനിന്നു മാഞ്ഞുപോവാറായിട്ടില്ല. 1950-ൽ ലണ്ടനിൽവെച്ചു നടന്ന വട്ടമേശസമ്മേളനത്തിൽ മിസ്സിസ്

നായഡുചെയ്ത സ്വാതന്ത്ര്യവാദപ്രസംഗങ്ങൾ എത്രമാത്രം പ്രബുദ്ധങ്ങളായിരുന്നുവെന്നു വിസ്തരിക്കവയ്യ!

## അന്ത്യസമരം.

1942 ഇന്ത്യൻ ദേശീയചരിത്രത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു വർഷമാണ്. 1942 ആഗസ്റ്റ് 8-ാംനുയാണ് "ഇന്ത്യവിടുക" എന്ന പ്രമേയം ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിൻെറ ബോംബെ സമ്മേളനത്തിൽവെച്ചു ഐകകണ്ഠ്യേന പാസ്സാക്കിയതു്. രണ്ടാംലോകമഹായുദ്ധം യൂറോപ്പിൽ കൊടുമ്പിരിക്കൊണ്ട അവസരത്തിൽ ബ്രിട്ടീഷുസാമ്രാജ്യത്വം യുദ്ധമാകുന്ന മഹാമാരിയിൽപെട്ടു ങ്ങടിപുഴങ്ങി ഒഴുകിപ്പോയേക്കുമോ എന്നു ആരും സംശയിച്ചിരുന്ന ആ വിഷമഘട്ടത്തിലാണ് "ബ്രിട്ടീഷുകാർ ഇന്ത്യവിടുക" എന്ന ശക്തിമത്തായ പ്രമേയത്തിനു ഇന്ത്യൻ ജനതയുടെ അംഗീകരണം ലഭിച്ചതു്. ഈ തീരുമാനം ബ്രിട്ടീഷുസാമ്രാജ്യമേധാവികളെ വിറളിപിടിപ്പിച്ചു. അവർ ബോംബെ സമ്മേളനം പര്യവസാനിക്കുന്നതിന്നു മുമ്പുതന്നെ പെട്ടെന്നു ഇന്ത്യൻരാഷ്ട്രീയനേതാക്കന്മാരെ ആകമാനം ഒന്നിച്ചു അറസ്റ്റ്ചെയ്തു. ഗാന്ധിജിയോടൊപ്പം സരോജിനീദേവിയേയും അറസ്റ്റ്ചെയ്യപ്പെട്ടു. ആഗാഖാൻ കൊട്ടാരത്തിൽ അവരെ ബന്തവസ്സിൽ താമസിപ്പിച്ചു. പ്രസ്തുതകൊട്ടാരത്തിൽവെച്ചാണ് ഗാന്ധിജിയുടെ പ്രിയപത്നി കസ്തൂർബായും ഉത്തമസുഹൃത്തു മഹാദേവദേശായിയും ചരമം പ്രാപിച്ചതു്. ഹൃദയഭേദകമായ ഈ സംഭവത്തിന്നു ഗാന്ധിജിയോടൊപ്പം സരോജിനിദേവിയും ദുഃഖ

സാക്ഷിയായിരുന്നു. അവരിരുവൎക്കും വേണ്ടുന്ന അന്ത്യശുശ്രൂഷകൾ ചെയ്തതും സരോജിനീദേവിയായിരുന്നു.

## വനിതാഗവൎണ്ണർ.

1947 ആഗസ്റ്റ് 15-ാംനു-യാണു് ബ്രിട്ടീഷുകാർ ഇന്ത്യവിട്ടുപോയതു്. സുവൎണ്ണലിപികളാൽരേഖപ്പെടുത്തേണ്ട ചരിത്രപ്രസിദ്ധമായ ഈ സംഭവം ആസേതുഹിമാചലം ഗംഭീരമായ നിലയിൽ ആഘോഷിക്കപ്പെട്ടു. ഭാരതഭൂമിയുടെ ഭരണം ഭാരതീയരുടെ കയ്യിൽ നിക്ഷിപ്തമായി. ഓരോ സംസ്ഥാനത്തിലേയും ഭരണം ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയാൽ നിൎവ്വഹിക്കപ്പെട്ടുവന്നു. സംസ്ഥാനങ്ങളിലെ ഗവൎണ്ണർമാരും വെള്ളക്കാൎക്കുപകരം നാട്ടുകാരായി. സ്വാതന്ത്ര്യഭാരതത്തിലെ ഒരു സംസ്ഥാനത്തിൻെറ ഗവൎണ്ണരായിരിക്കുക എന്നതു തീൎച്ചയായും അഭികാമ്യമായ ഒരു പദവിയാണു്. ഐക്യസംസ്ഥാനത്തിൻെറ ഗവൎണ്ണരായി ഒന്നാമതു് നിയമിക്കപ്പെട്ടതു ശ്രീമതി സരോജിനീദേവിയെയാണു്. അവരുടെ 70--ാമത്തെ ജന്മദിനാഘോഷത്തിൽ ശ്രീമതി കമലാദേവി പറയുകയുണ്ടായി, "സരോജിനിക്കു ഗവൎണ്ണർസ്ഥാനത്തേക്കാൾ ഉചിതമായ ഒരുദ്യോഗമില്ലെന്നു്." അതു തികച്ചും പരമാൎത്ഥമാണു്. അവരുടെ ഗവൎണ്ണരുദ്യോഗകാലത്തു ഐക്യസംസ്ഥാനത്തെ സാമ്പത്തികമായും, സാംസ്കാരികമായും, വൈയവസായികമായും ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ചു ഏററവും മുമ്പോട്ടു നയിക്കുവാൻ അവർ അക്ഷീണം

അഹോരാത്രം പരിശ്രമിച്ചിട്ടുണ്ട്. അതിൻെറ അഭില ഷണീയമായ ഫലം സാർവ്വത്രികമായി ചുരുങ്ങിയ കാലത്തി നുള്ളിൽ അനുഭവപ്പെട്ടിട്ടുമുണ്ട്. ലക്ക്നോവിലെ ഗവ ർമ്മേണ്ടുമന്ദിരം ആ വനിതാഗവർണ്ണരാണ് ഒരു യഥാർത്ഥമ ന്ദിരമാക്കിയത്. ഗവർമ്മേണ്ടാഫീസുകൾക്ക സഹജമായ മ്ലാനതയും കഴിവുകേടും അവർ തുടച്ചുനീക്കി. സ്വന്തം വ്യക്തിപ്രഭാവം എല്ലാദിക്കിലും എല്ലാ കാര്യത്തിലും അ വർ പ്രതിഫലിപ്പിച്ചു. സഹിഷ്ണുതയ്ക്കും സൌഹാർദ്ദത്തി നും സർവ്വവർഗ്ഗൈക്യത്തിനും നിലകൊള്ളുന്ന പ്രസ്ഥാന ങ്ങളെ അവർ കഴിയുന്നത്ര പ്രോത്സാഹിപ്പിച്ചു. സകല സാംസ്കാരികപ്രവർത്തനങ്ങൾക്കും അവർക്കുണ്ടായ സ്വാഭാ സിദ്ധമായ താല്പര്യം നിമിത്തം ഒട്ടേറെ എഴുത്തുകാർക്കും ക ലാകാരന്മാർക്കും പ്രചോദനം നല്കി. എന്തിനധികം, അ വരുടെ അനന്യസാധാരണമായ ഭരണവൈഭവംകൊണ്ടും നീതിനൈപുണ്യംകൊണ്ടും പൊതുജനക്ഷേമകരങ്ങളായ ബഹുവിധപരിഷ്കാരങ്ങൾകൊണ്ടും ഐക്യസംസ്ഥാനം മ റ്റുള്ള സംസ്ഥാനങ്ങൾക്ക മാതൃകയായി പരിലസിച്ചു വെന്നുമാത്രം പറയാം.

## ചരമം.

ശ്രീമതി സരോജിനിനായഡുവിൻെറ 70-ാമത്തെ ജന്മദിനം ഇന്ത്യയിലങ്ങോളമിങ്ങോളം ആഘോഷിച്ചിട്ട അധികനാൾ കഴിഞ്ഞിട്ടില്ല; അപ്പോഴാണ് അവർ പൊ ടുന്നനവെ ദിവംഗതയായത്. ഭാരതനഭസ്സിലെ ആ കോ കിലം ഇങ്ങിനിവരാതവണ്ണം പാറി മറഞ്ഞു. നമ്മുടെ

സ്വാതന്ത്ര്യസമരത്തിലെ മുന്നണിപ്പോരാളി, കറകളഞ്ഞ ദേശഭക്ത, വശ്യവചസ്സായവാഗ്മി, സാഹിത്യലോകത്തിലെ ആരാധനാപാത്രമായ കവയിത്രി എന്നീ നിലകളിൽ ഇന്ത്യൻജനതയുടെ അഭിമാനസ്തംഭവും ഭാരതീയസ്ത്രീത്വത്തിൻെറ മൂർത്തീകരണമായ ഒരു ആധുനികപ്രതിനിധിയും ഒരടിക്കു നമുക്കു നഷ്ടപ്പെട്ടു. അവിചാരിതവും വേദനാജനകവുമായ ഗാന്ധിജിയുടെ മരണത്തിനുശേഷം സരോജിനീദേവിയുടെ ദേഹവിയോഗമാണു് ഭാരതീയജനതയെ ഏററവും ശോകമൂകരാക്കിയതു്. അവരുടെ നിർയ്യാണം അത്രമാത്രം അപരിഹാര്യമായ നഷ്ടമാണു്. സ്വതന്ത്രഭാരതത്തിൽ തൻെറ പങ്കു മുഴമിക്കാൻ സാധിക്കുന്നതിന്നു മുമ്പാണു് അവർ നമ്മെ വിട്ടുപിരിഞ്ഞതു്. പടക്കളത്തിലാണു് അവർ വീണതെങ്കിലും, ഏതൊന്നിനെ ലക്ഷ്യമാക്കിയാണോ അവർ സർവ്വതും ബലിയർപ്പിച്ചുകൊണ്ടു് നിരവധി ത്യാഗങ്ങൾ സഹിച്ചതു് അതെ, ശപിക്കപ്പെട്ട അടിമത്തത്തിൽ ആണ്ടുകിടന്ന ഭാരതഭൂമിയെ വിമോചിപ്പിക്കാനുള്ള പരിശ്രമത്തിൽ സരോജിനീദേവി തികച്ചും വിജയിക്കുകതന്നെയാണു് ചെയ്തതു്. ഭാരതഭൂമി സ്വതന്ത്രയാവുന്ന ആ സുവർണ്ണമോഹനമായ കാഴ്ച കണ്ടു അവരുടെ കണ്ണും കരളും കുളുർത്തിട്ടുണ്ടാവണം!

സരോജിനീദേവിയെ ഇന്നു സ്വതന്ത്രരായ ഭാരതീയസന്താനങ്ങൾക്കു വിസ്മരിക്കുവാൻ സാധിക്കുകയില്ല. നമ്മുടെ ബഹുമാനപ്പെട്ട ഗവർണ്ണർജനറൽ പറഞ്ഞതുപോലെ അവരുടെ വേർപാടിൽ നാം വ്യസനിക്കേണ്ടതില്ല. ഏതു നിലയിൽ നോക്കിയാലും വിജയപൂർണ്ണമായ ഒരു ജീവിതമാ

ണു് അവരുടേതു്. അവരുടെ നേട്ടങ്ങൾ നമ്മുടെ നേട്ടങ്ങളാണു്. അവർ അപൂൎണ്ണമാക്കിവെച്ചിട്ടുള്ള കാൎയ്യങ്ങൾ പൂൎണ്ണമാക്കുക, അവരുടെ ത്യാഗമോഹനമായ ജീവിതസരണിയെ പിന്തുടരുക. അവരുടെ സമ്പൎക്കം ലഭിച്ചതിന്നു അൎഹതനേടുക! ഇതൊക്കെയാണു് നമ്മുടെ കടമ!

ഇന്നു അവർ നമ്മുടെ ബാഹ്യചക്ഷുസ്സുകൾക്കു അഗോചരമാണെങ്കിലും അവരുടെ ആത്മാവ്, ഏതൊന്നിന്റെ സേവനത്തിന്നാണോ താൻ ജീവിതമൎപ്പിച്ചിരുന്നതു, ഏതൊന്നിന്റെ ഉന്നതിക്കും അഭ്യുന്നതിക്കും വേണ്ടിയാണോ താൻ അവിരതം അദ്ധ്വാനിച്ചിരുന്നത്, ആ പ്രിയപ്പെട്ട മാതൃഭൂമിയുടെ ഭാഗധേയങ്ങളെ വീക്ഷിച്ചുപോരുന്നതിൽ സംശയമില്ല!

"സത്യമോൎക്കിൽ മരണംമൂതല്ക്കുതാ-
നത്തമക്കു തുടങ്ങുന്നു ജീവിതം.
അത്തലില്ലവൎക്കുന്നതൊട്ടേവനിൽ
എത്തുകില്ല കളങ്കം ശയസ്സിലും".

(ആശാൻ)

സരോജിനിദേവിയുടെ പരിപാവനമായ ആത്മാവിന്നു നിത്യശാന്തി ലഭിക്കുമാറാകട്ടെ!

ശുഭം.

KOTTAYAM PUBLIC LIBRARY
KOTTAYAM.

*Cl. No.* M08

*Acc. No.* 12768

This book should be returned on or before the date last stamped below.

- 8 NOV 1974

20 NOV 2005

M08. 127.68

വൊ.ല.ക്രിസ്റ്റൻ. ഷൊൺ.തെ.
വില്ലിസ് സരോജിനി നായിഡു

0.6
Bal-M.

KOTTAYAM PUBLIC LIBRARY

Call No. M.08 Acc. No. 12768

Author ബാലകൃഷ്ണൻ. എസ്. കെ

Title മിസ്സിസ് സരോജിനീനായിഡു.

Indic Digital Archive Foundation

gpura.org